## കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 ജൂൺ

## ത്രൈമാസ അവലോകനം

**ഏപ്രിൽ, മേയ്, ജൂൺ**

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 35 |
| വിദ്യാകിരണം | 37 |
| ആർദ്രം മിഷൻ | 41 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 52 |

# പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | 2021 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 319 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 34,283 | 60 | 890 | 518 | 35,751 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 42,780 | 3,914 | 2,717 | 1,577 | 50,988 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3,953 | 60 | 117 | 58 | 4,188 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,689 | 73 | 85 | 76 | 5,923 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9,879 | 60 | 304 | 91 | 10,334 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18,998 | 194 | 325 | 167 | 19,684 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 798 | 39 | 22 | 32 | 891 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 74,507 | 1,616 | 2,213 | 1,561 | 79,897 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 1,034 |
| ജല ബജറ്റ് റിപ്പോർട്ട് അവതരണത്തിന് സജ്ജമായിട്ടുള്ള ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം)<br>(*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 437 | 10 | 17 | 53 | 517 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം)<br>(*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 349 | 7 | 5 | 22 | 383 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 3,368.15 | 188.24 | 295.63 | 312.47 | 4,164.48 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം | | | | | 286 |

## കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | 2019 ജൂൺ മുതൽ 2025 മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3,661 | 5 | 5 | 316 | 3,987 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,174.07 | 1.03 | 0.82 | 76.77 | 1,252.68 |

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ

| | | | | | |
|---|---|---|---|---|---|
| ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 152 |
| കാർബൺ സർവ്വേ പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (GIDA) | | | | | 8 |
| കാർബൺ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | | | 54 |
| കാർബൺ നെഗറ്റിവ് പദവി കൈവരിച്ച സ്ഥാപനങ്ങൾ (Institutions) | | | | | 10 |

## ഒരു തൈ നടാം

| | | | | | |
|---|---|---|---|---|---|
| ജനകീയമായി ശേഖരിച്ച തൈകളുടെ എണ്ണം | | | | | 18,92,539 |
| സർക്കാർ സ്ഥാപന തലത്തിൽ ശേഖരിച്ച തൈകളുടെ എണ്ണം | | | | | 7,78,913 |
| ആകെ ശേഖരിച്ച തൈകളുടെ എണ്ണം | | | | | 26,71,452 |
| സ്വകാര്യഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | | | 16,59,109 |
| പൊതുഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | | | 4,25,021 |
| ആകെ നട്ട തൈകളുടെ എണ്ണം | | | | | 20,84,130 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 ജൂൺ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളും, 2025 ഏപ്രിൽ മുതൽ ജൂൺ മാസം വരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പറഞ്ഞ നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

എറണാകുളം നഗരത്തോട് ചേർന്ന് ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഗോശ്രീ ദ്വീപ് സമൂഹത്തിൽ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് GIDAയുമായി ചേർന്ന് സമഗ്രമായ ഒരു പദ്ധതി ആരംഭിച്ചു. ഗോശ്രീ ദ്വീപ് വികസന അതോറിട്ടിയിൽ ഉൾപ്പെട്ട വൈപ്പിൻ ബ്ലോക്കിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ 5

ഗ്രാമപഞ്ചായത്തുകളുടെയും ഇടപ്പള്ളി ബ്ലോക്കിലെ കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ എന്നീ 3 ഗ്രാമപഞ്ചായത്തുകളുടെയും കാർബൺ എമിഷൻ സർവ്വേ ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ച മൊബൈൽ ആപ് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ പ്രധാനപ്പെട്ട സ്ഥാപനങ്ങളിലും 10% വീടുകളിലുമാണ് സർവ്വേ നടത്തിയിട്ടുള്ളത്. ഇതിനായി എന്യുമറേറ്റർമാരെ നിയമിക്കുകയും ഹരിത കേരളം മിഷൻ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലഭ്യമായ ഡാറ്റാ സൂക്ഷ്മ പരിശോധന നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കുന്നുണ്ട്. ഊർജ്ജ സംരക്ഷണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന ഹരിതവൽക്കരണം, മാലിന്യസംസ്കരണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി പദ്ധതികൾ രൂപീകരിക്കുന്നുണ്ട്. ഗോശ്രീ പ്രദേശത്തെ സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകൾ സൗരോർജ്ജത്തിലേക്കു മാറ്റുന്നതിനുള്ള പദ്ധതി രൂപരേഖ അനെർട് തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം തന്നെ മുൻഗണനാ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും.

ഇതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലകളിലെ 54 സ്ഥാപനങ്ങളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ച മൊബൈൽ ആപ് ഉപയോഗിച്ച് എമിഷൻ സർവ്വേ നടത്തിയിട്ടുണ്ട്. നിലവിൽ 10 സ്ഥാപനങ്ങൾ കാർബൺ നെഗറ്റിവ് പദവി കൈവരിച്ചിട്ടുണ്ട്.

| ജില്ല | കാർബൺ നെഗറ്റിവ് പദവി ലഭിച്ച സ്ഥാപനങ്ങളുടെ പേര് |
|---|---|
| തിരുവനന്തപുരം | മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ ,തിരുവനന്തപുരം, |
| ആലപ്പുഴ | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| തൃശൂർ | ജ്യോതി എൻജിനിയറിങ് കോളേജ്, പാഞ്ഞാൾ |
| മലപ്പുറം | നിലമ്പൂർ തേക്ക് മ്യൂസിയം |
| വയനാട് | NAAUP സ്കൂൾ, മാനികാവ് |
| കണ്ണൂർ | കോളേജ് ഓഫ് എഞ്ജിനീയറിംഗ്, തലശ്ശേരി |
| | കണ്ണൂർ സെൻട്രൽ ജയിൽ |
| കാസർഗോഡ് | നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, പടന്നക്കാട് |
| | എ സി കെ എൻ എസ് ജി യു പി എസ്, മേലാങ്കോട്ട് |
| | ജി എൽ പി എസ്, മാലപ്പാച്ചേരി |

- ❖ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര നിംസ് മെഡിസിറ്റി ക്യാമ്പസിൽ നെറ്റ് സീറോ കാർബൺ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കേരളം മിഷൻ പ്രതിനിധികൾ സ്ഥലം സന്ദർശിക്കുകയും നെറ്റ് സീറോ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, മോട്ടോർ വാഹന ഇന്ധന ക്ഷമത പരിശീലനം, നെറ്റ് സീറോ കാർബൺ പ്രവത്തനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകൽ, മരങ്ങളുടെ ജിയോ ടാഗ്, ഡാറ്റ കളക്ഷൻ, പ്രസന്റേഷൻ, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, സമയക്രമം പ്രഖ്യാപനം എന്ന തരത്തിലേക്കുള്ള ഇടപെടലുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്ത എഴുകോൺ ഗ്രാമപഞ്ചായത്തിൽ ജൂൺ മാസത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 5 ഏക്കർ മില്ലറ്റ് കൃഷി 10 ഏക്കറിലേക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.
- ❖ ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനായി ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ കാവുകൾ സംരക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 79 കാവുകൾ ആണ് പഞ്ചായത്തിൽ നിലവിലുള്ളത്. പരിസ്ഥിതി, ജൈവ വൈവിധ്യ സംരക്ഷണത്തിനായി മിഷൻ നടത്തുന്ന വിവിധ പ്രവർത്തനങ്ങളേയും ദ്വീപിനെ ബാധിക്കുന്ന തീര ശോഷണത്തെ പ്രതിരോധിക്കുന്നതിനായി ദ്വീപിനു ചുറ്റും ജൈവ വേലി തീർക്കുക, തീരസംരക്ഷണത്തിനായി അനുജോജ്യമായ നീർമരുത്, ഇലിപ്പ പോലെയുള്ള ചെടി/വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.
- ❖ ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 40 ഏക്കറിലധികം മില്ലറ്റ് കൃഷിയ്ക്ക്

മുന്നൊരുക്കം നടത്തി വരുന്നു. മില്ലെറ്റ് കഫേ നിലവിലുള്ളതിനാൽ വിത്തുകൾ ലഭ്യമാണ്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിൽ കണ്ടൽ പച്ചത്തുരുത്ത് മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു. (ഹരിത ഗ്രാമീണ ടൂറിസം കേന്ദ്രമാണ്).

- ❖ ആലപ്പുഴ ജില്ലയിൽ രണ്ടാം ഘട്ടത്തിൽ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത കരുവാറ്റ, തകഴി എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പടെ 6 ഗ്രാമപഞ്ചായത്തുകളിലും തുടർ പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി തയ്യാറാക്കി. പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഊർജ്ജ സംരക്ഷണ സർവ്വേ, കാർബൺ എമിഷൻ തോത് തിട്ടപ്പെടുത്തൽ എന്നിവ നടത്താനുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ മാവേലിക്കര ബ്ലോക്കിലെ ഏക നെറ്റ് സീറോ പദവി നേടിയ കലാലയം തഴക്കര ഗ്രാമപഞ്ചായത്തിലെ ബിഷപ്പ് മൂർ കോളേജാണ്. പൂർണ്ണമായും സോളാർ എനർജി ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. 50 വർഷത്തോളം പഴക്കമുള്ള ഏകദേശം 600 വൃക്ഷങ്ങൾ, പച്ചത്തുരുത്ത്, ഔഷധ സസ്യ തോട്ടം, തേനീച്ച പാർക്ക് എന്നിവയും ക്യാമ്പസിൽ ഉണ്ട്. പരമാവധി ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസും നെറ്റ് സിറോ കാർബൺ സ്ഥാപനമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹരിത കലാലയമായി തിരഞ്ഞെടുത്ത ശ്രീബുദ്ധ എഞ്ചിനീയറിംഗ് കോളേജിൽ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിക്കുന്നതിനായുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- ❖ കോട്ടയം ജില്ലയിൽ പുതിയതായി തിരഞ്ഞെടുത്ത പള്ളം ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലും ജൂൺ മാസം ശിൽപ്പശാല പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ജൂൺ മാസത്തിൽ മരിയൻ കോളേജിൽ നെറ്റ് സീറോ പദ്ധതി അവതരണം, സേനാപതി ഇരട്ടയാർ, മരിയാപുരം, കാമാക്ഷി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നെറ്റ് സീറോ റൂഫ് ടോപ് സ്റ്റഡി അവതരണം, നെറ്റ് സീറോ പ്രവർത്തനങ്ങൾ അവലോകന യോഗം എന്നിവ നടന്നു.
- ❖ എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ LED ക്ലിനിക് ആരംഭിച്ചു. കേടായ 1000 LED ബൾബുകൾ ഹരിത കർമ സേന വീടുകളിൽ നിന്ന് ശേഖരിച്ച് നന്നാക്കി.
- ❖ തൃശൂർ ജില്ലയിൽ കൊണ്ടാഴി, വരന്തരപ്പിള്ളി, മാടക്കത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 4 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു.
- ❖ തൃശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ബാലസഭയോട് സംബന്ധിച്ച് വിവിധ വിദ്യാലയങ്ങളിലെ കുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് LED ബൾബ് നിർമ്മാണ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. 110 കുട്ടികൾ പരിശീലനത്തിൽ പങ്കെടുത്തു. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സോളാർ പാനൽ സ്ഥാപിച്ചു.
- ❖ പാലക്കാട് ജില്ലയിലെ നെറ്റ് സീറോ പഞ്ചായത്തുകളിൽ ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ വേണ്ട ഇടപെടലുകൾ നടന്നുവരുന്നു.
- ❖ പാലക്കാട് ജില്ലയിലെ അഹല്യ ഫൗണ്ടേഷനിൽ നെറ്റ് സീറോ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്ററുടെ അധ്യക്ഷതയിൽ പ്രാഥമിക വിലയിരുത്തൽ നടന്നു.
- ❖ മലപ്പുറം ജില്ലയിലെ ജൂൺ മാസം സാഫി കോളേജിൽ നെറ്റ് സീറോ കാർബൺ യോഗം ചേർന്ന. സ്ഥാപനത്തിലെ നെറ്റ് സീറോ എമിഷൻ ഗ്യാപ്പുകൾ പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി. കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, ഊർജ സംരക്ഷണം എന്നീ പ്രവർത്തികൾക്ക് അവബോധം നൽകി.
- ❖ കോഴിക്കോട് ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ SUEFന്റെയും വിശ്വശാന്തി ഫൗണ്ടേഷന്റെയും സഹകരണത്തോടെ ഊർജസംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു. പങ്കാളിത്തം - 1214.
- ❖ കോഴിക്കോട് ജില്ലയിൽ ആദ്യഘട്ടത്തിൽ നെറ്റ് സീറോ എമിഷൻ അസ്സെസ്സ്മെന്റ് നടത്തിയ 4 സ്ഥാപനങ്ങളിലും ഗ്യാപ്പുകൾ, അവ പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കി അവതരണം നടത്തി.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ ഏറ്റെടുക്കുന്ന വടകര നഗരസഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ '**മടങ്ങാം മഷിപേനയിലേക്ക്**' എന്ന കാമ്പയിൻ ആരംഭിച്ചു. വാർഡ് വികസന സമിതികളുടെ നേതൃത്വത്തിൽ യുപി മുതലുള്ള വിദ്യാലയങ്ങളിലെ

വിദ്യാർത്ഥികൾക്ക് മഷിപേന നൽകിക്കൊണ്ടുള്ള പരിപാടി നഗരസഭാ ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു.

- കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയുടെ പുതിയ കെട്ടിടം ബഹു കേരള മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു. നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റവും മാതൃകാപരമായി ഏറ്റെടുക്കുന്ന നഗരസഭയിൽ ഓഫീസ് കെട്ടിടവും ഹരിത സ്ഥാപനമാക്കിക്കൊണ്ടാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. BLDC ഫാനുകൾ (84 എണ്ണം), സോളാർ (50 KV), മാലിന്യസംസ്കരണ ഉപാധികൾ, ഗ്രീനറി തുടങ്ങി വിവിധങ്ങളായ ഇടപെടൽ കെട്ടിടത്തിൽ ഉദ്ഘാടന സമയത്ത് തന്നെ നടത്തിയിട്ടുണ്ട്. ഹരിത സ്ഥാപന സർട്ടിഫിക്കറ്റ് ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് കൈമാറി. സോളാർ പാനൽ സ്ഥാപിക്കൽ പൂർത്തീകരണം നടന്നു വരുന്നു. മുഴുവൻ ട്യൂബുകളും ലൈറ്റുകളും LED സംവിധാനത്തിലാണ് സ്ഥാപിച്ചത്. പൂന്തോട്ടം മുളവൽക്കരണം ചെയ്തു.
- വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തായ എടവക ഗ്രാമപഞ്ചായത്തിലെ ചേമ്പിനോട് GLP സ്കൂൾ, തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം GHHS എന്നിവിടങ്ങളിൽ കാർബൺ സർവ്വെ നടത്തി.
- വയനാട് ജില്ലയിലെ അപ്പപ്പാറ ഫോറെസ്റ്റ് റേഞ്ച് ഓഫീസിലും GHHS വടുവൻചാൽ സ്കൂളിലും നെറ്റ് സീറോ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഗ്യാപ്പുകൾ, അവ പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കി അവതരണം നടത്തി.
- കണ്ണൂർ ജില്ലയിലെ കണ്ണൂർ സെൻട്രൽ ജയിൽ, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്, അഞ്ചരക്കണ്ടി എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ ജൂൺ മാസം നെറ്റ് സീറോ കാർബൺ സർവേയുടെ റിപ്പോർട്ട് അവതരണം നടത്തി.
- കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്ത് നടത്തിയ 'ഹരിത ഭവനം സൗരോർജ്ജ' പദ്ധതി MLA കെ.പി മോഹനൻ ഉദ്ഘാടനം ചെയ്തു. ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. തുടർന്ന് ANERT, KSEB പ്രതിനിധികൾ സൗരോർജ്ജ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. സോളാർ സ്ഥാപിക്കാൻ താൽപര്യമുള്ള ആൾക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയും തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.
- കാസർഗോഡ് ജില്ലയിൽ 31 സ്ഥാപനങ്ങളിൽ ജൂൺ മാസം വരെ കാർബൺ എമിഷൻ സ്ഥാപനതല സർവ്വെ പൂർത്തീകരിച്ചു. അതിൽ ഒരു സ്ഥാപനം കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ചിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിലെ നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്, എ സി കണ്ണൻനായർ സ്മാരക ജി യു പി സ്കൂൾ മേലാങ്കോട്ട് എന്നിവടങ്ങളിൽ ജൂൺ മാസം സർവ്വേ റിപ്പോർട്ട് അവതരണം നടത്തി.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ 2025 ഏപ്രിൽ മുതൽ 2025 ജൂൺ വരെ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ശിൽപശാലകൾപങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 32 | 110 | 186 | 148 | 444 | 0 | 0 | 581 | 16 |
| മേയ് | 56 | 329 | 330 | 271 | 930 | 2 | 69 | 10 | 1105 |
| ജൂൺ | 48 | 150 | 344 | 1285 | 1779 | 10 | 498 | 2 | 2547 |
| ആകെ | 136 | 589 | 860 | 1704 | 3153 | 12 | 567 | 593 | 3668 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം 2025 ഏപ്രിൽ മുതൽ 2025 ജൂൺ വരെ | | | | | | | | | |
| ഏപ്രിൽ | 8 | 21 | 24 | 88 | 133 | 0 | 0 | 202 | 0 |
| മേയ് | 14 | 37 | 58 | 71 | 166 | 0 | 0 | 1 | 72 |
| ജൂൺ | 17 | 40 | 47 | 62 | 149 | 0 | 0 | 0 | 149 |
| ആകെ | 39 | 98 | 129 | 221 | 448 | 0 | 0 | 203 | 221 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ

ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| **പ്രവർത്തനങ്ങൾ** | **2021 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ** | **ഏപ്രിൽ** | **മേയ്** | **ജൂൺ** | **ജൂൺ വരെ** |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 42,780 | 3,914 | 2,717 | 1,577 | 50,988 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3,953 | 60 | 117 | 58 | 4,188 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,689 | 73 | 85 | 76 | 5,923 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9,879 | 60 | 304 | 91 | 10,334 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18,998 | 194 | 325 | 167 | 19,684 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 798 | 39 | 22 | 32 | 891 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 74,507 | 1,616 | 2,213 | 1,561 | 79,897 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ജൂൺ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 50987.98 കിലോമീറ്റർ നീർച്ചാലുകളും 4188 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 96723.98 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5923 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 891 സ്ഥിരം തടയണകളും 79897 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 ജൂൺ മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| **ജില്ലകൾ** | **പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം** | **പുനരുജ്ജീവിപ്പിച്ച കുളങ്ങൾ** | **നിർമ്മിച്ച കുളങ്ങൾ** | **റീചാർജ് ചെയ്ത കിണറുകൾ** | **നിർമിച്ച കിണറുകൾ** | **നിർമ്മിച്ച സ്ഥിരം തടയണകൾ** | **നിർമ്മിച്ച താൽക്കാലിക തടയണകൾ** |
| തിരുവനന്തപുരം | 7147.79 | 660 | 557 | 1098 | 3631 | 111 | 18263 |
| കൊല്ലം | 5181.29 | 238 | 498 | 737 | 3627 | 8 | 16733 |
| പത്തനംതിട്ട | 1975.28 | 202 | 211 | 606 | 985 | 29 | 4990 |
| ആലപ്പുഴ | 2475.99 | 98 | 52 | 363 | 369 | 18 | 2944 |
| കോട്ടയം | 1603.95 | 65 | 268 | 456 | 615 | 56 | 1996 |
| ഇടുക്കി | 4431.22 | 248 | 313 | 292 | 338 | 63 | 1576 |
| എറണാകുളം | 3289.74 | 184 | 296 | 862 | 523 | 22 | 6 |
| തൃശ്ശൂർ | 3870.52 | 171 | 181 | 473 | 1268 | 13 | 352 |
| പാലക്കാട് | 8378.28 | 816 | 969 | 730 | 1814 | 26 | 14657 |
| മലപ്പുറം | 1809.60 | 437 | 517 | 278 | 1966 | 214 | 1186 |
| കോഴിക്കോട് | 2647.91 | 209 | 200 | 425 | 1083 | 45 | 416 |
| വയനാട് | 2222.70 | 88 | 823 | 143 | 395 | 94 | 2641 |
| കണ്ണൂർ | 3998.03 | 605 | 563 | 2897 | 1631 | 113 | 11486 |
| കാസർഗോഡ് | 1955.70 | 167 | 475 | 974 | 1439 | 79 | 2651 |
| ആകെ | 50987.98 | 4188 | 5923 | 10334 | 19684 | 891 | 79897 |

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10334 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും, 19684

കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3627 എണ്ണം), തിരുവനന്തപുരം (3631) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2897). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ജൂൺ മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 1577.18 കിലോമീറ്റർ നീർച്ചാലുകളും 58 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 76 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 91 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 167 പുതിയ കിണറുകളും 32 സ്ഥിരം തടയണകളും 1561 താൽക്കാലിക തടയണകളും ജൂൺ മാസത്തിൽ നിർമ്മിച്ചു.

**ജലസംരക്ഷണ പ്രവർത്തനങ്ങൾ ജൂൺ മാസം**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീ വിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമ്മിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 112.49 | 26 | 4 | 11 | 33 | 6 | 519 |
| കൊല്ലം | 97.85 | 0 | 3 | 3 | 13 | 0 | 334 |
| പത്തനംതിട്ട | 44.18 | 0 | 0 | 2 | 12 | 0 | 233 |
| ആലപ്പുഴ | 43.84 | 0 | 1 | 2 | 4 | 0 | 208 |
| കോട്ടയം | 28.30 | 0 | 0 | 2 | 5 | 0 | 31 |
| ഇടുക്കി | 60.91 | 5 | 1 | 2 | 1 | 0 | 1 |
| എറണാകുളം | 92.20 | 0 | 0 | 0 | 0 | 0 | 0 |
| തൃശ്ശൂർ | 644.76 | 3 | 8 | 16 | 31 | 0 | 0 |
| പാലക്കാട് | 151.61 | 5 | 6 | 15 | 33 | 0 | 175 |
| മലപ്പുറം | 59.73 | 15 | 10 | 12 | 5 | 26 | 42 |
| കോഴിക്കോട് | 43.32 | 0 | 3 | 0 | 0 | 0 | 0 |
| വയനാട് | 115.08 | 2 | 38 | 4 | 21 | 0 | 18 |
| കണ്ണൂർ | 40.00 | 0 | 1 | 1 | 0 | 0 | 0 |
| കാസർഗോഡ് | 42.92 | 2 | 1 | 21 | 9 | 0 | 0 |
| ആകെ | 1577.18 | 58 | 76 | 91 | 167 | 32 | 1561 |

## 2.1 ഇനി ഞാൻ ഒഴുകട്ടെ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ നീർച്ചാലുകളുടെ വീണ്ടെടുക്കലിന്റെ ഭാഗമായി ആരംഭിച്ച 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ടം പ്രവർത്തനത്തിൽ 702 കി.മീ. വീണ്ടെടുക്കൽ നാളിതുവരെ പൂർത്തീകരിച്ചു. ജൂൺ മാസം 93 കി.മീ. നീർച്ചാലുകളാണ് വീണ്ടെടുത്തത്.
- ❖ തൃശൂർ ജില്ലയിലെ വേളൂക്കര പഞ്ചായത്തിലെ 9, 11, 16, 17 നമ്പർ വാർഡുകളിലെ തോടുകളിലെ നവീകരണവും കോലഴി പഞ്ചായത്തിലെ 15-ാം വാർഡിലെ ഓം കുഴിത്തോട്ടിലും നവീകരണവും കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടന്നു വരുന്നു. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 7 തോടുകളുടെ പുനരുദ്ധാരണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. അമൃത് സരോവർ പദ്ധതിയിൽ 80 ലക്ഷം ചിലവ് വരുന്ന പൈനികുളത്തിന്റെ മണ്ണുമാറ്റൽ നടന്നു വരുന്നു.
- ❖ തൃശൂർ ജില്ലയിൽ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് 13, 12 (കണ്ണംകുഴി തോട്, വൈന്തല തോട്) എന്നിവയിൽ ഏറ്റെടുത്തിരിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. തോളൂർ ഗ്രാമപഞ്ചായത്തിൽ ആകെ 2050 മീറ്റർ നീർച്ചാലുകൾ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ 2.5 കിലോമീറ്റർ പണി ഇതുവരെ

പൂർത്തീകരിച്ചു. കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഈ മാസം മാത്രം 240 മഴക്കുഴി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവണൂർ ഗ്രാമപഞ്ചായത്തിൽ 6950 മീറ്റർ നീളത്തിൽ ശുചീകരണം നടത്തി.

❖ തൃശൂർ ജില്ലയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് തോട് പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ 7 പ്രവർത്തികൾ ഉണ്ടായിരുന്നതിൽ 4 എണ്ണം പൂർത്തിയായി. അമൃത സരോവർ പദ്ധതി പ്രകാരമുള്ള പൈനി കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തികൾ (എർത്ത് വർക്ക്) ആരംഭിച്ചു. മുരിയാട് ഗ്രാമപഞ്ചായത്ത് വാർഡ് 10ലെ 'ഒരുപ്പൻ തോട്' 800 മീറ്ററിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായി. ജൂൺ മാസം മുതൽ 15 വാർഡുകളിലെ തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്.. കേരളത്തിലെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 583 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ 517 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ റിപ്പോർട്ട് ആയിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ട 383 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ജൂൺ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജൂൺ മാസം സംസ്ഥാനത്താകെ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു. കണ്ണൂർ ജില്ലയിലെ 21 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, ഇടുക്കി ജില്ലയിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജൂൺ മാസം റിപ്പോർട്ട് പ്രകാശനം നടന്നു.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
| തിരുവനന്തപുരം | 78 | 42 | 14 |
| കൊല്ലം | 73 | 42 | 32 |
| പത്തനംതിട്ട | 57 | 17 | 13 |
| ആലപ്പുഴ | 78 | 16 | 8 |
| കോട്ടയം | 77 | 50 | 9 |
| ഇടുക്കി | 54 | 25 | 15 |
| എറണാകുളം | 96 | 16 | 15 |
| തൃശ്ശൂർ | 94 | 25 | 19 |
| പാലക്കാട് | 95 | 36 | 30 |
| മലപ്പുറം | 106 | 23 | 16 |
| കോഴിക്കോട് | 78 | 77 | 76 |
| വയനാട് | 26 | 26 | 26 |
| കണ്ണൂർ | 81 | 81 | 69 |
| കാസർഗോഡ് | 41 | 41 | 41 |
| ആകെ | 1034 | 517 | 383 |

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക

സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ പുതിയതായി കരുനാഗപ്പള്ളി നഗരസഭ, പരവൂർ നഗരസഭ, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രഥമിക യോഗങ്ങൾ ചേർന്നു. ജൂൺ മാസത്തിൽ പടിഞ്ഞാറേകല്ലട, കുന്നത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കരട് റിപ്പോർട്ടിന്റെ അവതരണം കമ്മിറ്റിയിൽ നടത്തി. ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും ജല ബജറ്റ് റിപ്പോർട്ട് 2025 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.
- ❖ ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്കിലെ മൂന്നു ഗ്രാമപഞ്ചായത്തുകളിലെയും തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലെയും റിപ്പോർട്ട് ജൂലൈ മാസം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒക്ടോബർ 15 നകം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് പൂർത്തീകരിക്കുന്നതാണ്. ഇതിന് മുന്നോടിയായി മുഴുവൻ സാങ്കേതിക സമിതി അംഗങ്ങളെയും ചേർത്ത് ശിൽപശാല സംഘടിപ്പിക്കും.
- ❖ ആലപ്പുഴ ജില്ലയിലെ താമരക്കുളം, പാലമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് കരട് റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ കടുത്തുരുത്തി, ളാലം എന്നീ ബ്ലോക്കുകളിൽ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചു. വാഴൂർ ബ്ലോക്കിന്റെയും പാമ്പാടി ഗ്രാമപഞ്ചായത്തിന്റെയും കരട് റിപ്പോർട്ട് പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ജൂൺ മാസത്തിൽ സേനാപതി ഗ്രാമപഞ്ചായത്തിൽ ജലബജറ്റ് അവതരിപ്പിച്ചു. അടിമാലി ഗ്രാമപഞ്ചായത്തിന്റെ അവതരണത്തിന് ശേഷം ബ്ലോക്ക് തല അവതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബൈസൻവാലി, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് റിപ്പോർട്ട് അവതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ ജൂൺ മാസത്തോടെ 16 ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്ക്തല സാങ്കേതിക സമിതി യോഗവും ജലബജറ്റ് അവതരണവും പൂർത്തിയായി. തൻമാസം വെള്ളാംകല്ലൂർ, അന്തിക്കാട്, ഒല്ലൂക്കര എന്നീ ബ്ലോക്കുകളിലാണ് യോഗം ചേർന്നത്. 16 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് കൺവെൻഷനും സാങ്കേതിക സമിതി യോഗവും ജൂൺ മാസത്തിൽ നടന്നു. മുല്ലശ്ശേരി, ഒരുമനയൂർ, പാഞ്ഞാൾ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവരശേഖരണം പൂർത്തിയായി.
- ❖ പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് ജൂലൈ 10 നു പ്രകാശനം ചെയ്യാൻ തീരുമാനിച്ചു. നെന്മാറ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് എക്സൽ ഷീറ്റുകൾ പൂർത്തിയാക്കി.
- ❖ പാലക്കാട് ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സെപ്റ്റംബർ 30 നകം ജലബജറ്റ് തയ്യാറാക്കി പ്രകാശനം ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, അട്ടപ്പാടി, മണ്ണാർക്കാട്, പാലക്കാട്, കൊല്ലങ്കോട് എന്നീ ബ്ലോക്കുകളിൽ ജൂലൈ 15 നകം ജലബജറ്റ് ബ്ലോക്ക് തല കൺവെൻഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ താനൂർ ബ്ലോക്കിലെ വിവരശേഖരണം ജൂൺ മാസം പൂർത്തിയാക്കി. പെരിന്തൽമണ്ണ സബ് കളക്ടറുടെ യോഗത്തിന്റെ തീരുമാനം പ്രകാരം ജൂൺ മാസം താനൂർ, മങ്കട ബ്ലോക്ക് ജലബജറ്റ് റിപ്പോർട്ടുകൾ പൂർത്തിയാക്കാൻ തിരുമാനിച്ചിട്ടുണ്ട്. താനൂർ ബ്ലോക്ക് റിപ്പോർട്ടുകൾ ജൂലൈ മാസം പൂർത്തിയാക്കി പ്രഖ്യാപിക്കുന്നതാണ്.
- ❖ കണ്ണൂർ ജില്ലയിൽ ജല ബജറ്റ് റിപ്പോർട്ട് അവതരണം നടത്താൻ ബാക്കിയുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ജൂലൈ മാസം തന്നെ അവ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വേണ്ടി ജില്ലാ സാങ്കേതിക സമിതി യോഗം ജൂൺ 25 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്നു. ക്രിട്ടിക്കൽ ബ്ലോക്കായ കാസർഗോഡും സെമിക്രിട്ടിക്കൽ ബ്ലോക്കായ മഞ്ചേശ്വരത്തും ബ്ലോക്ക് – ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതിയോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ തീരുമാനിക്കും.
- ❖ കാസർഗോഡ് ജില്ലയിൽ ജലശക്തി അഭിയാന്റെ മാസാവലോകനയോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജൂൺ മാസം 2 തവണ ചേർന്നു.

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ശിൽപശാലകൾപങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 42 | 130 | 184 | 273 | 587 | 0 | 0 | 2519 | 0 |
| മേയ് | 97 | 765 | 215 | 181 | 1161 | 0 | 0 | 2 | 146 |
| ജൂൺ | 114 | 377 | 573 | 210 | 1160 | 5 | 50 | 0 | 1911 |
| ആകെ | 253 | 1272 | 972 | 664 | 2908 | 5 | 50 | 2521 | 2057 |

## 4.സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. മാപത്തോണിനായി തിരഞ്ഞെടുത്തിട്ടുള്ള പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 ഗ്രാമപഞ്ചായത്തുകളിലും മാപിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

| രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ജില്ലകൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് തല പ്രവർത്തനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ജൂൺ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 24.40 | 432.90 |
| പത്തനംതിട്ട | 16 | 7 | 5.80 | 162.78 |
| കോട്ടയം | 32 | 32 | 21.10 | 118.05 |
| ഇടുക്കി | 26 | 0 | 0.00 | 0.00 |
| എറണാകുളം | 17 | 17 | 40.10 | 793.81 |
| പാലക്കാട് | 51 | 41 | 78.37 | 1908.16 |
| കോഴിക്കോട് | 14 | 14 | 11.40 | 140.28 |
| വയനാട് | 26 | 22 | 115.80 | 213.30 |
| കണ്ണൂർ | 18 | 18 | 15.50 | 395.20 |
| ആകെ | 207 | 158 | 312.47 | 4164.48 |

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 158 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ജൂൺ മാസത്തിൽ 312.47 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 158 ഗ്രാമപഞ്ചായത്തുകളിലായി 4164.48 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| മാപത്തോൺ ത്രൈമാസ വിലയിരുത്തൽ | | | |
|---|---|---|---|
| പ്രവർത്തനം നടന്ന മാസം | മാപത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | |
| | | മാപത്തോൺ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ഏപ്രിൽ വരെ | 230 | 158 | 3556.38 |
| മേയ് വരെ | | | 3852.02 |
| ജൂൺ വരെ | | | 4164.48 |

❖ വയനാട് (115.8 കി.മീ), പാലക്കാട് (78.37 കി.മീ), എറണാകുളം (40.1 കി.മീ), കൊല്ലം (24.4 കി.മീ), കോട്ടയം (21.1 കി.മീ), കണ്ണൂർ (15.5 കി.മീ), കോഴിക്കോട് (11.4 കി.മീ), പത്തനംതിട്ട (5.8 കി.മീ) എന്ന തോതിൽ നീർച്ചാൽ പുനരുജ്ജീകരണം ജൂൺ മാസത്തിൽ നടന്നു.

❖ കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ 24.4 കി.മീ. നീർച്ചാൽ ശ്യംഖലകൂടി വീണ്ടെടുത്തിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 432.9 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കോട്ടയം ജില്ലയിൽ ജൂൺ മാസം 21.1 കി.മീ നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം നടന്നു. നാളിതുവരെ 31 ഗ്രാമപഞ്ചായത്തുകളിലായി 118.05 കി.മീ നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കണ്ണൂർ ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ജൂൺ മാസം 15.5 കി.മീ നീർച്ചാൽ ശുചീകരണം നടത്തി.

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 111 | 0 |
| മേയ് | 2 | 7 | 20 | 5 | 32 | 2 | 31 | 0 | 534 |
| ജൂൺ | 3 | 5 | 8 | 14 | 27 | 0 | 0 | 0 | 27 |
| ആകെ | 5 | 12 | 28 | 19 | 59 | 2 | 31 | 111 | 561 |

## 5. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം

സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 35,751 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | | | |
|---|---|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
| | | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| തിരുവനന്തപുരം | 13 | 1,595 | 3 | 4 | 0 | 1,602 |
| കൊല്ലം | 11 | 1,274 | 1 | 114 | 96 | 1,485 |
| പത്തനംതിട്ട | 21 | 136 | 0 | 71 | 168 | 375 |
| ആലപ്പുഴ | 28 | 920 | 0 | 11 | 4 | 935 |
| കോട്ടയം | 31 | 1,946 | 27 | 62 | 5 | 2,040 |
| ഇടുക്കി | 35 | 2,661 | 0 | 50 | 38 | 2,749 |
| എറണാകുളം | 54 | 1,134 | 29 | 132 | 17 | 1,312 |
| തൃശ്ശൂർ | 54 | 19,053 | 0 | 240 | 186 | 19,479 |
| പാലക്കാട് | 10 | 269 | 0 | 0 | 0 | 269 |
| മലപ്പുറം | | | | | | |
| കോഴിക്കോട് | 29 | 2,106 | 0 | 13 | 0 | 2,119 |
| വയനാട് | | | | | | |
| കണ്ണൂർ | 21 | 2,074 | 0 | 149 | 3 | 2,226 |
| കാസർഗോഡ് | 12 | 1,115 | 0 | 44 | 1 | 1,160 |
| ആകെ | 319 | 34,283 | 60 | 890 | 518 | 35,751 |

- ❖ കൊല്ലം ജില്ലയിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ ജലഗുണനിലവാര പരിശോധന നടത്തുന്നതിനായി അഞ്ചൽ, ഇത്തിക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക്തല യോഗം ജൂൺ മാസത്തിൽ ചേർന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് പുതിയതായി വന്ന കെമിസ്ട്രി അദ്ധ്യാപകർക്ക് ജലഗുണ പരിശോധനയുമായി ബന്ധപ്പെട്ട പരിശീലനം നൽകി.
- ❖ ഇടുക്കി ജില്ലയിൽ ഇടുക്കി ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളിലും യോഗം കൂടി. ഇതോടൊപ്പം അഴുത ബ്ലോക്കിലെ 5 സ്കൂളുകളിൽ ജല ഗുണത പരിശോധന ലാബിന്റെ പ്രവർത്തനം വിലയിരുത്താൻ യോഗം ചേർന്നു.
- ❖ ഇടുക്കി ജില്ലയിൽ പെരുവന്താനം സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് സ്കൂളിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്ററുടെ അധ്യക്ഷതയിൽ യോഗം കൂടി.

## 6.പാറക്വാറി റീചാർജ്

- ❖ കൊല്ലം കരീപ്രയിൽ ക്വാറിയിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്ന രീതിയിൽ സംസ്ഥാനതെ മറ്റ് ക്വാറികളിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 3 കോടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃഷി, ജലസേചനം, ഭൂജലവിതാനം ഉയർത്തൽ എന്നിവ കാര്യക്ഷമമായി നടത്തുവാൻ ക്വാറിയിലെ വെള്ളം ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 286 ക്വാറിയിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.
- ❖ നിലവിൽ 5 പാറക്വാറികളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 50 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 5 ക്വാറികളിലും ഹൈഡ്രോഗ്രാഫിക് സർവ്വേ പ്രവർത്തങ്ങളും നടന്നു വരുന്നു
- ❖ കൊല്ലം ജില്ലയിൽ പാറക്വാറി റീചാർജ്ജിങ്ങുമായി ബന്ധപ്പെട്ട് നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ

കൊഴുവൻ ക്വാറി, കുളക്കട ഗ്രാമപഞ്ചായത്തിലെ വെണ്ടാർ, ഏരൂർ ഗ്രാമപഞ്ചായത്തിലെ ഇളവറാംകുഴി, വെളിയം ഗ്രാമപഞ്ചായത്തിലെ കായില കോട്ടേപ്പാറ എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. നെടുവത്തൂർ ക്വാറിയിൽ ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കുന്നതിനായി പാനൽ സ്ഥാപിച്ചു. വെളിയം ഗ്രാമപഞ്ചായത്ത് കായില കോട്ടെപ്പാറ ക്വാറിയിലെ വെള്ളം റീചാർജ് ചെയ്യുന്നതിന്റെ ഭാഗമായി അനേർട്ട് എസ്റ്റിമേറ്റ് എടുത്തു. പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ കായില ക്വാറിയിൽ ഇലക്ട്രിഫിക്കേഷൻ, ത്രീഫേസ് കണക്ഷൻ എടുക്കുന്നതിനും തീരുമാനിച്ചു. വെളിയം ഗ്രാമപഞ്ചായത്തിലെ അനുയോജ്യമായ ക്വാറികളിലെ വെള്ളം റീചാർജ് ചെയ്ത് ഉപയോഗിക്കുന്നതിനായി 21 ലക്ഷം രൂപ പ്രോജെക്റ്റിൽ വകയിരുത്തിയിട്ടുണ്ട്.

- ❖ പത്തനംതിട്ട ജില്ലയിൽ ആറൻമുള ഗ്രാമപഞ്ചായത്തിലെ പുളിന്താനത്ത് ക്വാറിയും പന്തളം നഗരസഭയിലെ മാവരപ്പാറ ക്വാറിയും എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനർട്ട് ടീം പരിശോധന നടത്തി.
- ❖ തൃശൂർ ജില്ലയിൽ ക്വാറികളിലെ ജലം കൃഷി ഭൂമിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി വേലൂർ ഗ്രാമപഞ്ചായത്തിലെ നമ്പീശൻ ക്വാറിയിൽ സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടിയായിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- ❖ 2019 ജൂൺ മുതൽ 2025 ജൂൺ മാസം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1252.68 ഏക്കർ ആകെ വിസ്തൃതിയിൽ 3987 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ 2025 ജൂൺ മാസത്തിൽ മാത്രം സംസ്ഥാനത്തു 76.77 ഏക്കർ ആകെ വിസ്തൃതിയിൽ 316 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് ഏപ്രിൽ മുതൽ ജൂൺ വരെ | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | മാർച്ച് വരെ | ഏപ്രിൽ | മേയ് | ജൂൺ | ആകെ |
| എണ്ണം | 3661 | 5 | 5 | 316 | 3987 |
| വിസ്തൃതി (ഏക്കർ) | 1174.07 | 1.02 | 0.82 | 76.77 | 1252.68 |

- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (324.97 ഏക്കർ ആകെ വിസ്തൃതിയിൽ 255 പച്ചത്തുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (250.18 ഏക്കർ ആകെ വിസ്തൃതിയിൽ 851 പച്ചതുരുത്തുകൾ).
- ❖ ജൂൺ മാസത്തിൽ വിസ്തൃതിയിലും എണ്ണത്തിലും ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കോഴിക്കോട് ജില്ലയിലാണ് (26.57 ഏക്കർ ആകെ വിസ്തൃതിയിൽ 46 പച്ചതുരുത്തുകൾ).
- ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 9.11 ഏക്കർ വിസ്തൃതിയിൽ 20 പച്ചത്തുരുത്ത് സ്ഥാപിച്ച കണ്ണൂർ ജില്ലയും, 7.67 ഏക്കർ വിസ്തൃതിയിൽ 42 പച്ചത്തുരുത്ത് സ്ഥാപിച്ച പാലക്കാട് ജില്ലയും, 6.39 ഏക്കർ വിസ്തൃതിയിൽ 32 പച്ചത്തുരുത്ത് സ്ഥാപിച്ച തൃശൂർ ജില്ലയും, 5.85 ഏക്കർ വിസ്തൃതിയിൽ 28 പച്ചത്തുരുത്ത് സ്ഥാപിച്ച ആലപ്പുഴ ജില്ലയും, 5 ഏക്കർ വിസ്തൃതിയിൽ 19 പച്ചത്തുരുത്ത് സ്ഥാപിച്ച ഇടുക്കി ജില്ലയും ശ്രദ്ധേയമായ പ്രവർത്തനമാണ് ജൂൺ മാസത്തിൽ നടത്തിയിട്ടുള്ളത്.
- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചു പോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്.
- ❖ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ വെള്ളാണിക്കൽ പാറമുകൾ ഓർമ്മ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ.ടി.എൻ.സീമ നിർവഹിച്ചു. ഓർമ പച്ചത്തുരുത്തിൽ എല്ലാ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും ഒരേസമയം തൈകൾ നട്ടു.

| ജില്ല | 2019 ജൂൺ മുതൽ 2025 മെയ് വരെ | | 2025 ജൂൺ മാസത്തിൽ മാത്രം | | 2019 ജൂൺ മുതൽ 2025 ജൂൺ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 511 | 64.02 | 35 | 3.41 | 546 | 67.43 |
| കൊല്ലം | 286 | 76.11 | 18 | 1.50 | 304 | 77.61 |
| പത്തനംതിട്ട | 192 | 34.91 | 11 | 0.47 | 203 | 35.38 |
| ആലപ്പുഴ | 102 | 22.65 | 28 | 5.85 | 130 | 28.50 |
| കോട്ടയം | 276 | 32.87 | 16 | 2.38 | 292 | 35.25 |
| ഇടുക്കി | 89 | 38.04 | 19 | 5.00 | 108 | 43.04 |
| എറണാകുളം | 153 | 21.55 | 18 | 1.54 | 171 | 23.09 |
| തൃശ്ശൂർ | 213 | 44.97 | 32 | 6.39 | 245 | 51.36 |
| പാലക്കാട് | 338 | 127.45 | 42 | 7.67 | 380 | 135.12 |
| മലപ്പുറം | 149 | 75.89 | 4 | 0.57 | 153 | 76.46 |
| കോഴിക്കോട് | 225 | 52.02 | 46 | 26.57 | 271 | 78.59 |
| വയനാട് | 71 | 23.36 | 7 | 2.35 | 78 | 25.71 |
| കണ്ണൂർ | 235 | 315.86 | 20 | 9.11 | 255 | 324.97 |
| കാസർഗോഡ് | 831 | 246.21 | 20 | 3.97 | 851 | 250.18 |
| ആകെ | 3671 | 1175.91 | 316 | 76.77 | 3987 | 1252.68 |

- തിരുവനന്തപുരം ജില്ലയിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പിരപ്പമൻകാട് ഏലായുടെ റോഡിന്റെ ഇരുവശത്തും മുള തൈകൾ വച്ചു പിടിപ്പിച്ചു കൊണ്ടുള്ള ഹരിത വീഥിയുടെ ഉദ്ഘാടനം MLA വി.ശശി നിർവഹിച്ചു.
- കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ പുതിയതായി 18 പച്ചത്തുരുത്തുകൾ 1.50 ഏക്കർ വിസ്തൃതിയിൽ ആരംഭിച്ചു.
- പത്തനംതിട്ട ജില്ലയിൽ ഈ മാസം 18 പച്ചത്തുരുത്തുകൾ റീവിസിറ്റ് നടത്തി. ജില്ലയിൽ തൻ മാസം 0.47 ഏക്കർ വിസ്തൃതിയിൽ 11 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു.
- ആലപ്പുഴ ജില്ലയിൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ ഓർമ്മത്തുരുത്ത് സ്ഥാപിച്ചു. ഫലവൃക്ഷത്തൈകൾ ആണ് ഓർമ്മത്തുരത്തിൽ നട്ടുവളർത്തുന്നത്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് രാവിലെ അമ്പലപ്പുഴ MLA എച്ച് സലാം ഓർമ്മത്തുരുത്ത് ഉദ്ഘാടനം ചെയ്തു.
- കോട്ടയം ജില്ലയിൽ ജൂൺ മാസത്തിൽ പുതിയതായി 16 പച്ചത്തുരുത്തുകൾ 237.5 സെന്റിലായി ആരംഭിച്ചു.
- ഇടുക്കി ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് ജില്ലാതല യോഗംകൂടി. രാജാക്കാട് ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്തിനു ബോർഡ് സ്ഥാപിക്കുന്നതിന് വേണ്ടി ആലോചന യോഗം ചേർന്നു.
- എറണാകുളം ജില്ലയിൽ ഈ മാസം 47 പച്ചത്തുരുത്തുകൾ റീവിസിറ്റ് ചെയ്തു, തൈകൾ നശിച്ചു പോയ 15 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് തൻ മാസം നടത്തി.
- തൃശൂർ ജില്ലയിൽ ജൂൺ മാസത്തിൽ 32 പുതിയ പച്ചത്തുരുത്തുകൾ 639 സെന്റ് വിസ്തൃതിയിൽ ആരംഭിച്ചു.
- തൃശൂർ ജില്ലയിൽ ജൂൺ 5, പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ഹരിതകേരളം മിഷന്റെയും ലയൺസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സെൻട്രൽ പ്രിസൺ, വിയ്യൂരിൽ ക്ഷിപ്രവനം 2.0 (അതിവേഗത്തിൽ ഫലം തരുന്ന വൈവിധ്യമാർന്ന ഫലവൃക്ഷങ്ങളുടെ തോട്ടം) ഉദ്ഘാടനം നിർവ്വഹിച്ചു. 60 സെന്റിൽ അതിവേഗത്തിൽ ഫലം തരുന്ന റംബുട്ടാൻ, പേര, മാതളം, ഞാവൽ, സീതപ്പഴം, മരമുന്തിരി, മധുര ഓറഞ്ച്, മുസംബി, ഇലന്തപ്പഴം, മുട്ടപ്പഴം, മങ്കൊസ്റ്റിൻ, ഡ്രാഗൺ ഫ്രൂട്ട്, ചൈനീസ് ഓറഞ്ച്, അബിയും വെണ്ണപ്പഴം, അരസ ബോയ്, മൾബറി, ചെറി തുടങ്ങി വിവിധങ്ങളായ ബഡ് ചെയ്ത 100 ഫലവൃക്ഷതൈകളാണ് നട്ടത്.
- തൃശൂർ ജില്ലയിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ജൂബിലി ബി എഡ് ട്രെയിനിങ് കോളേജിലെ 5 സെന്റ് സ്ഥലത്ത് പുതിയ ഔഷധസസ്യ തൈകൾ നട്ടുകൊണ്ട് പച്ചത്തുരുത്ത് സ്ഥാപിച്ചു.

❖ പാലക്കാട് ജില്ലയിൽ ഈ മാസം 20 പച്ചത്തുരുത്തുകൾ റീവിസിറ്റ് ചെയ്തു. പുനസന്ദർശനം നടത്തിയ 19 പച്ചത്തുരുത്തുക്കൾ 1023 സെന്റിൽ ഏകദേശം 3091 വൃക്ഷതൈകൾ നിലവിലുണ്ട്.
❖ മലപ്പുറം ജില്ലയിൽ ജൂൺ മാസം 4 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. മലപ്പുറം മേൽമുറി പ്രിയദർശിനി കോളേജ്, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസ്, ഗവ. കോളേജ് മലപ്പുറം മുണ്ടുപറമ്പ്, എടയൂർ ഹോമിയോ ഡിസ്പെൻസറി പച്ചത്തുരുത്ത് എന്നീ സ്ഥലങ്ങളിൽ ആണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്.
❖ കോഴിക്കോട് ജില്ലയിൽ ജൂൺ മാസത്തിൽ പുതിയതായി 46 പച്ചത്തുരുത്തുകൾ 26.57 ഏക്കർ വിസ്തൃതിയിൽ ആരംഭിച്ചു.
❖ കോഴിക്കോട് ജില്ലയിൽ പച്ചത്തുരുത്ത് വ്യാപനത്തിന്റെ ജില്ലാതല ഉദ്ഘാടനം വേളം ഗ്രാമപഞ്ചായത്തിലെ ഉത്തായി മണപ്പുറത്ത് പുഴയോരത്ത് രണ്ടേക്കറിൽ കുറ്റ്യാടി MLA കെ.പി.കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ നിർവ്വഹിച്ചു.
❖ വയനാട് ജില്ലയിൽ പച്ചത്തുരുത്ത് വ്യാപന ജില്ലാതല ഉദ്ഘാടനം ജൂൺ 5 നു നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്, കല്ലൂരിലും, കല്ലൂർ പുഴയോരത്തുമായി നടന്നു. പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
❖ കണ്ണൂർ ജില്ലയിൽ ജൂൺ മാസത്തിൽ പുതിയതായി 20 പച്ചത്തുരുത്തുകൾ 9.11 ഏക്കർ വിസ്തൃതിയിൽ ആരംഭിച്ചു.
❖ കണ്ണൂർ ജില്ലയിൽ പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം മുൻ MLA കെ.കെ.നാരായണൻ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ കണ്ണാടി വെളിച്ചം പാലത്തിന് സമീപം നിർവ്വഹിച്ചു.
❖ കാസർഗോഡ് ജില്ലയിൽ ജൂൺ മാസം 37 പച്ചത്തുരുത്തുകളാണ് സന്ദർശിച്ചത്. പച്ചത്തുരുത്തുകളുടെ വീഡിയോ ഡോക്യുമേന്റേഷൻ ആരംഭിച്ചു.

| പ്രവർത്തനം നടന്ന മാസം | പച്ചത്തുരുത്ത് 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 12 | 21 | 62 | 39 | 122 | 0 | 0 | 730 | 0 |
| മേയ് | 314 | 869 | 878 | 659 | 2406 | 0 | 0 | 33 | 1524 |
| ജൂൺ | 229 | 393 | 791 | 694 | 1878 | 2 | 143 | 58 | 18206 |
| ആകെ | 555 | 1283 | 1731 | 1392 | 4406 | 2 | 143 | 821 | 19730 |

## 8. ഒരു തൈ നടാം ക്യാമ്പയിൻ

2050 ൽ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥയിലെത്താൻ ലക്ഷ്യമിട്ട് 2025 ലെ പരിസ്ഥിതി ദിനത്തിൽ അതിവിപുലവും സമഗ്രവുമായ ഒരു വൃക്ഷവത്ക്കരണ പരിപാടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ജൂൺ 5 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിനായി സർവ്വതല സ്പർശിയായ ഒരു ജനകീയ ക്യാമ്പയിൻ ആണ് ആരംഭിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന പ്രവർത്തകർ, സർക്കാർ ജീവനക്കാർ, റഡിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ എന്നിവയെല്ലാം ചേരുന്ന ഒരു ക്യാമ്പയിനിലൂടെ നിശ്ചിത സമയത്ത് ലക്ഷ്യം നേടാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഈ ക്യാമ്പയിനിൽ പങ്കാളികളാകാൻ ഉദ്ദേശിക്കുന്ന

സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും കൂട്ടായ്മകളുടെയും പ്രാദേശിക യോഗം സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), എൻ.ജി.ഒകൾ, സ്വകാര്യ നഴ്സറി പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവർ പങ്കെടുത്തു. വാർഡ്തലത്തിലും പ്രാദേശിക യോഗങ്ങൾ ചേരുകയും ക്യാമ്പയിന്റെ നടത്തിപ്പിന് ആവശ്യമായ തൈകൾ പ്രാദേശികമായി ശേഖരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പയിനായി വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന തൈകൾക്ക് പുറമേ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ചുരുങ്ങിയത് 5,000 തൈകളും നഗരസഭകളിൽ നിന്നും ചുരുങ്ങിയത് 10,000 തൈകളും ജനകീയമായി ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നു. സ്കൂളുകളിൽ നടപ്പിലാക്കുന്ന കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന വൃക്ഷത്തൈകളുടെ കൈമാറ്റം 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ സംഘടിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

നടുന്ന തൈകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ആർ.പി, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവരുടെ നേതൃത്വത്തിൽ പരിപാലന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### ഒരു തൈ നടാം -സംസ്ഥാനതല ഉദ്ഘാടനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കുളമാവ് തൈ നട്ട് ഉദ്ഘാടനം ചെയ്തു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് വൈകുന്നേരം നടന്ന പരിപാടിയിൽ വി.കെ. പ്രശാന്ത് MLA, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ..ടി.എൻ. സീമ, വിവിധ ഉദ്യോഗസ്ഥർ പങ്കെടുത്തു.

അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ക്യാമ്പയിൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ക്ലിഫ് ഹൗസിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നട്ട വൃക്ഷത്തൈകളായ കുളമാവ്, ആറ്റുപുന്ന, ഉണ്ടപൈൻ, കമ്പകം, പൊന്നുഞാവൽ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

ക്യാമ്പയിന്റെ ഭാഗമായി നട്ട തൈകളുടെ സ്ഥാനം, വളർച്ച എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ ജിയോടാഗ് ചെയ്യുന്ന സംവിധാനം കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ നടപ്പാക്കുന്നുണ്ട്. ജിയോ ടാഗിംഗ് വഴി നട്ട ചെടികളുടെ ഇനം, എവിടെയാണ് നട്ടത്, ആരാണ് നട്ടത്, എന്നാണ് നട്ടത് എന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നു. ഒരു ചെടി ജിയോ ടാഗ് ചെയ്ത 6 മാസം കൂടുമ്പോൾ ചെടിയുടെ അന്നത്തെ അവസ്ഥയുടെ ചിത്രം അപ്ഡേറ്റ് ചെയ്ത് ചെടിയുടെ അവസ്ഥ വിലയിരുത്തുന്നു. തൈ നടുന്ന ആളുകൾക്ക് ഓൺലൈനിൽ സർട്ടിഫിക്കറ്റ് നൽകുന്നു. സർട്ടിഫിക്കറ്റിലെ ക്യു.ആർ കോഡിൽ നിന്നും എല്ലാ വിവരങ്ങളും ലഭിക്കുന്നു. ഒരു തൈ നടാം ക്യാമ്പയിന്റെ ആദ്യഘട്ടം എന്ന നിലയിൽ 10% തൈകൾ ജിയോടാഗ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### ഒരു തൈ നടാം - സംസ്ഥാനത്ത്

സംസ്ഥാനത്ത് ആകെ 60 ലക്ഷം തൈകൾ ഹരിത കേരളം മിഷൻ ജനകീയമായി ശേഖരിക്കണമെന്നും 40 ലക്ഷം തൈകൾ സോഷ്യൽ ഫോറെസ്റ്ററി, MGNREGS എന്നീ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

തൈകളുടെ ജനകീയ ശേഖരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ മെയ് മാസത്തിൽ 715 പ്രാദേശിക യോഗങ്ങളും ജൂൺ മാസത്തിൽ 1,908 പ്രാദേശിക യോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. 6,337 ജനപ്രതിനിധികളും 10,991 ഉദ്യോഗസ്ഥരും, 15,996 സന്നദ്ധ സേവകരും ഉൾപ്പെടെ ആകെ 33,224 പേരുടെ പങ്കാളിത്തം യോഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. തൈ

കൈമാറ്റവും തൈ നടൽ പ്രവർത്തനങ്ങളിലും കൂടി 6,28,794 ജനപങ്കാളിത്തം (വിദ്യാർത്ഥികൾ ഉൾപ്പെടെ) ഹരിത കേരളം മിഷൻ ഈ കാമ്പയിനിൽ ഉറപ്പാക്കിയിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | ഒരു തൈ നടാം ക്യാമ്പയിൻ 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം / ശിൽപശാല (എണ്ണം) | യോഗങ്ങളിലെ / ശിൽപശാലകൾപങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| മേയ് | 715 | 2281 | 3751 | 4469 | 10501 | 1 | 26 | 69 | 2555 |
| ജൂൺ | 1908 | 4056 | 7240 | 11447 | 22743 | 26 | 4616 | 3238 | 626239 |
| ആകെ | 2623 | 6337 | 10991 | 15916 | 33244 | 27 | 4642 | 3307 | 628794 |

നിലവിൽ 18,92,539 തൈകൾ ജനകീയമായി ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പം 7,78,913 തൈകൾ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ ശേഖരിച്ച 26,71,452 തൈകളിൽ 20,84,130 തൈകൾ വിവിധ ഇടങ്ങളിൽ നട്ടിട്ടുണ്ട്. ആയതിൽ 10,60,055 സ്വകാര്യ ഭൂമി ഇടങ്ങളിൽ 16,59,109 തൈകൾ നട്ടിട്ടുണ്ട്. കൂടാതെ, 51,543 പൊതു ഇടങ്ങളിൽ 4,25,021 തൈകളും നട്ടിട്ടുണ്ട്.

| ജനകീയമായി ശേഖരിച്ച തൈകളുടെ എണ്ണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | തൈകൾ നട്ട സ്വകാര്യ ഭൂമിയുടെ എണ്ണം | സ്വകാര്യ ഭൂമിയിൽ നട്ട തൈകൾ | തൈകൾ നട്ട പൊതു ഭൂമിയുടെ എണ്ണം | പൊതു ഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|---|---|
| 18,92,539 | 7,78,913 | 26,71,452 | 10,60,055 | 16,59,109 | 51,543 | 4,25,021 | 20,84,130 |

## ജില്ലാതലം

### തിരുവനന്തപുരം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 56061 | 64986 | 121047 | 124901 | 4460 | 129361 |

- ❖ ഒരു തൈ നടാം ക്യാമ്പയിന്റെ തൈ കൈമാറ്റങ്ങളുടെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പഴയ കുന്നുമ്മൽ ഗവൺമെന്റ് ടൗൺ UPS പ്രഥമ അധ്യാപികക്ക് നൽകികൊണ്ട് നടത്തി. ജൂൺ മാസം 1,29,361 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- ❖ കരവാരം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന ശേഖരിച്ച ഫലവൃക്ഷത്തൈകളുടെ കൈമാറ്റം സിവിൽ സപ്ലൈസ് മന്ത്രി ജി. ആർ. അനിൽ നിർവഹിച്ചു.

### കൊല്ലം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 54281 | 129448 | 183729 | 124003 | 110469 | 234472 |

- ❖ ജില്ലാതല ഉദ്ഘാടനം ജൂൺ 9-ന് നീണ്ടകര ഗ്രാമപഞ്ചായത്തിലെ കരുത്തറ എൽ.പി.എസ്സ്-ൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ നിർവ്വഹിച്ചു. ജൂൺ മാസം 2,34,472 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- ❖ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മുറ്റത്ത് ഒരു ഔഷധത്തോട്ടം എന്ന പേരിൽ ഔഷധ ചെടികൾ നട്ടു. പരിസ്ഥിതി സന്ദേശ റാലികളും, ബോധവൽക്കരണ പ്രവർത്തനങ്ങളും വിവിധ ഇടങ്ങളിൽ സംഘടിപ്പിച്ചു.

## പത്തനംതിട്ട

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 20227 | 80855 | 101082 | 51311 | 40508 | 91819 |

- ❖ പത്തനംതിട്ട ജില്ലയിലെ 'ഒരു തൈ നടാം' വൃക്ഷവൽക്കരണ ക്യാമ്പയിനും ജില്ലാതല പരിസ്ഥിതി ദിനാചരണവും തുമ്പമൺ എം.ജി.എച്ച്.എസ്.എസിൽ വച്ച് നടന്നു. ഉദ്ഘാടനവും വൃക്ഷവൽക്കരണ ക്യാമ്പയിൻ ലോഗോ, വീഡിയോ പ്രകാശനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് ഏബ്രഹാം നിർവ്വഹിച്ചു.
- ❖ തുമ്പമൺ കൃഷിഭവൻ നൽകിയ വൃക്ഷത്തൈകൾ ഡോക്ടർ ഗബ്രിയേൽ മാർ ഗ്രിഗോറിയസ് മെത്രാപ്പോലിറ്റ നട്ട് ഉദ്ഘാടനം നിർവഹിച്ചു. ജൂൺ മാസം 91,819 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## ആലപ്പുഴ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 43281 | 83089 | 126370 | 72250 | 32517 | 104767 |

- ❖ ജില്ലാതല ഉദ്ഘാടനം ജൂൺ 9ന് കോമളപുരം സ്പിന്നിംഗ് മിൽ വളപ്പിൽ വൃക്ഷത്തൈകൾ നട്ട് പച്ചത്തുരുത്ത് സ്ഥാപിച്ച് കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- ❖ നിലവിൽ ജനകീയമായി 43,281 തൈകൾ ശേഖരിച്ചു. 278 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ വഴി 6,126 തൈകൾ കൈമാറ്റം തൻ മാസം നടന്നു. ജൂൺ മാസം 1,04,767 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## കോട്ടയം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 106607 | 13707 | 120314 | 108661 | 8586 | 117247 |

- ❖ ജില്ലാതല ഉദ്ഘാടനം പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി കോളേജിൽ സഹകരണ, ദേവസ്വം, തുറമുഖം വകുപ്പ് മന്ത്രി വി.എൻ വാസവൻ മാവിൻ തൈ നട്ടുകൊണ്ട് നിർവഹിച്ചു. ഇതോടൊപ്പം ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതല ഉദ്ഘാടനങ്ങളും തൻ മാസം നടന്നു. ജൂൺ മാസം 1,17,247 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## ഇടുക്കി

- ❖ സ്കൂളുകളിൽ ചങ്ങാതിക്കൊരു തൈ പദ്ധതി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എ ഇ ഒ, ഡി ഇ ഒ, സ്കൂൾ ഹെഡ് മാസ്റ്റർമാർ എന്നിവരുടെ യോഗംകൂടി. ഇതോടൊപ്പം ജില്ലയിലെ 8 സ്കൂളുകളിൽ പച്ചത്തുരുത്ത്, ഒരു തൈ നടാം വൃക്ഷവത്കരണ ക്യാമ്പയിൻ ആയി ബന്ധപെട്ടു കുട്ടികൾക്ക് ക്ലാസുകൾ നൽകുകയും ചെയ്തു.

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 58481 | 7460 | 65941 | 56291 | 6194 | 62485 |

- ❖ ഇടുക്കി ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളിലും ഇളംദേശം ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും സ്കൂളികളിലും നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ പെൻഷനേഴ്സ് ഉൾപ്പെടെ ജനകീയമായി തൈ കൈമാറ്റം നടന്നു. ജൂൺ മാസം 62,485 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## എറണാകുളം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 104959 | 17150 | 122109 | 90395 | 18488 | 108883 |

- ജില്ലാതല ഉദ്ഘാടനം കാക്കനാട് സിവിൽ സ്റ്റേഷനിൽ തൈ നട്ടുകൊണ്ട് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർവ്വഹിച്ചു. സിവിൽ സ്റ്റേഷനിൽ തരിശായി കിടന്ന 4 സെന്റ് ഭൂമി വൃത്തിയാക്കി നിർമ്മിച്ച പച്ചത്തുരുത്തിലാണ് തൈ നട്ടത്. ജൂൺ മാസം 1,08,883 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- കേരള അക്വാവെഞ്ചേഴ്സ് ഇൻറർനാഷണൽ ലിമിറ്റഡ്(KAVIL)മായി ചേർന്ന് ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു തൈ നടാം കാമ്പയിൻ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ വെച്ച് തൈ നട്ടു കൊണ്ട് പ്രസിഡന്റ് നിർവ്വഹിച്ചു.
- കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് സഹകരണത്തോടെ ഔഷധ സസ്യമായ 50 ആരിവേപ്പിൻ തൈകൾ നട്ടു. പ്രവർത്തനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി, SNGCE NSS യൂണിറ്റ് വൃക്ഷത്തൈ നടീൽ ഡ്രൈവും ക്യാമ്പസ് ക്ലീനിംഗ് സംരംഭവും സംഘടിപ്പിച്ചു. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും എല്ലാ കുട്ടികളും തൈകൾ പരസ്പരം കൈമാറി.
- കുടുംബശ്രീ മുഖേനയുള്ള തൈകളുടെ ഉൽപാദനവും കൈമാറ്റവും നടപ്പിലാകുന്നതിന്റെ ഭാഗമായി വൃക്ഷവൽക്കരണ, ഓർമ്മമരം ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലാ കോർഡിനേറ്റർ കുടുംബശ്രീ ജില്ലാതല യോഗത്തിൽ വിശദീകരിച്ചു. അയൽക്കൂട്ടങ്ങൾക്ക് തൈകളുടെ കൈമാറ്റ ടാർഗറ്റ് നിശ്ചയിച്ചു നൽകി.

## തൃശൂർ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 167860 | 36759 | 204619 | 126607 | 77601 | 204208 |

- ജില്ലാതല ഉദ്ഘാടനവും ക്യാമ്പയിന്റെ ലോഗോ പ്രകാശനവും ജൂൺ 6 ന് റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ നിർവഹിച്ചു. തുടർന്ന് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്യാമ്പയിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജൂൺ മാസം 2,04,208 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## പാലക്കാട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 151245 | 26535 | 177780 | 76833 | 42886 | 119719 |

- ഒരു ലക്ഷം കരിമ്പന തൈകൾ നടുന്ന പ്രത്യേക പരിപാടിയായ പനപർവ്വം ക്യാമ്പയിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ്, വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടിയും ചേർന്ന് നിർവഹിച്ചു. 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക, വംശനാശഭീഷണി നേരിടുന്ന കരിമ്പനകളെ തിരിച്ചു കൊണ്ടുവരിക എന്ന ദൗത്യത്തിന്റെയും ഭാഗമായി പാലക്കാട് വിക്ടോറിയ കോളേജിലെ എൻ.എസ്.എസ്.യൂണിറ്റ് ശേഖരിച്ച പനവിത്തുകൾ മന്ത്രിമാർക്ക് പരിപാടിയിൽ വെച്ച് കൈമാറി.
- 5 ബ്ലോക്കുകളിലും 36 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും ജൂൺ മാസത്തിൽ സംഘാടക സമിതി യോഗം ചേർന്നു. ഇതോടൊപ്പം കുടുംബശ്രീ, MGNREGS, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുടെ പ്രത്യേക യോഗവും റിപ്പോർട്ട് മാസം ചേർന്നു.
- 9 ബ്ലോക്കുകളിലും 71 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ ഉദ്ഘാടനം ജൂൺ മാസത്തിൽ നടന്നു. ജില്ലയിലെ 690 വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ തൈ കൈമാറ്റം പരിപാടി സംഘടിപ്പിച്ചു. ഇതിനോടകം 1,77,780 തൈകൾ ജൂൺ മാസം ജനകീയമായി ശേഖരിച്ചു. ജൂൺ മാസം 1,19,719 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

- ജൂൺ 5 നു കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആലത്തൂർ MLA കെ.ഡി.പ്രസേനൻ, വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തരൂർ MLA പി.പി.സുമോദ് ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ ഉദ്ഘാടനം നിർവ്വഹിച്ചു.

### മലപ്പുറം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 228705 | 17615 | 246320 | 170551 | 14037 | 184588 |

- ജില്ലാ തല വൃക്ഷവൽകരണ ക്യാമ്പയിന് തുടക്കം കുറിച്ച് കൊണ്ട് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് റഫീക്ക ലോഗോ പ്രകാശനം ചെയ്തു. ജൂൺ മാസം 1,84,588 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- പത്ത് ലക്ഷം മരങ്ങൾ നടുന്ന പദ്ധതിക്ക് ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് 'ഒരു തൈ നടാം' പദ്ധതിയുടെ ഉദ്ഘാടനം ഡെപ്യൂട്ടി കളക്ടർ റോസ്ന ഹൈദ്രോസ് മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ നിർവഹിച്ചു.
- അംഗനവാടികളും വിദ്യാലയങ്ങളും കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് 'ചങ്ങാതിക്ക് ഒരു തൈ' എന്ന ക്യാമ്പയിനും ആരംഭിച്ചു. അഞ്ചുവർഷം പൂർത്തീകരിച്ച ജനപ്രതിനിധികളും സർവീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരും ഓർമ്മമരം എന്ന പേരിൽ ഫലവൃക്ഷതൈകൾ നട്ടു കൊണ്ട് വൃക്ഷവത്കരണത്തിന്റെ ഭാഗമായി.

### കോഴിക്കോട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 255409 | 77137 | 332546 | 266412 | 11049 | 277461 |

- ജില്ലാതല ഉദ്ഘാടനം എടച്ചേരി ഗ്രാമപഞ്ചായത്തിൽ വച്ച് നാദാപുരം MLA ഇ.കെ.വിജയൻ നിർവ്വഹിച്ചു. ജൂൺ മാസം 2,77,461 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുത്ത വടകര നഗരസഭയിൽ ഒരു തൈ നടാം ക്യാമ്പയിന്റെ ഭാഗമായി ഒരു വാർഡിൽ 1000 തൈകൾ നടുന്ന പ്രവർത്തനം വാർഡ് 29ൽ നടന്നു.
- തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ചെമ്പരത്തി ഗ്രാമം എന്ന പേരിൽ ചെമ്പരത്തി തൈകൾ എല്ലാ കുടുംബശ്രീ പ്രവർത്തകരും ഒരേ ദിവസം വീടുകളിൽ നട്ട് ക്യാമ്പയിന്റെ ഭാഗമായി. പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

### വയനാട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 100405 | 54430 | 154835 | 82100 | 15800 | 97900 |

- ജൂൺ 5ന് ജില്ലാ തല ഉദ്ഘാടനം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചോലപ്പുറം പച്ചത്തുരുത്തിൽ തൈകൾ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. ചങ്ങാതിക്കൊരു തൈ ക്യാമ്പയിനിന്റെ ഭാഗമായി സ്കൂളുകളിൽ ക്യാമ്പയിൻ പ്രവർത്തനം നടന്നുവരുന്നു. നാൽപ്പതോളം സ്കൂളുകളിൽ ക്യാമ്പയിൻ പ്രവർത്തനം നടന്നു. ജൂൺ മാസം 97,900 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

### കണ്ണൂർ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 414077 | 134380 | 548457 | 203454 | 27191 | 230645 |

- ❖ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ജൂൺ 23 ന് ഓർമ്മമരം നട്ടു. ചെറുവത്തലമൊട്ട ഹയർ സെക്കൻഡറി സ്കൂളിന് സമീപമുള്ള ജില്ലാ പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിന് സമീപത്താണ് ഓർമ്മമരം നട്ടത്.
- ❖ ജില്ലതല ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് തല ഫലവൃക്ഷ തൈ വിതരണവും മുൻ MLA കെ.കെ.നാരായണൻ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ കണ്ണാടി വെളിച്ചം രയരോത്ത് പാലത്തിന് സമീപം വച്ച് നിർവ്വഹിച്ചു.
- ❖ ജൂൺ മാസം വിവിധ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ, സന്നദ്ധപ്രവർത്തകർ, വിവിധ സംഘടനകൾ, ജനപ്രതിനിധികൾ മുഖേന 2,30,645 തൈകൾ വിവിധ ഇടങ്ങളിലായി നട്ടു പിടിപ്പിച്ചു.

### കാസർഗോഡ്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 130941 | 35362 | 166303 | 105340 | 15235 | 120575 |

- ❖ ജില്ലാ തല ഉദ്ഘാടനം പിലിക്കോട് ഗ്രാമപഞ്ചായത്തിലെ കാലിക്കടവിൽ വെച്ച് ഒരു വൃക്ഷത്തൈ നട്ടുകൊണ്ട് തൃക്കരിപ്പൂർ MLA എം രാജഗോപാലൻ നിർവ്വഹിച്ചു. ജൂൺ മാസം 1,20,575 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- ❖ GHSS പിലിക്കോട് സീഡ് ക്ലബ്ബ് & BMC യാണ് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മുളവനം ചെറുവനം പദ്ധതിക്ക് തുടക്കം കുറിച്ചത്. സ്കൂൾ ലീഡർ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു കൊണ്ടാണ് ചടങ്ങ് ആരംഭിച്ചത്.
- ❖ 'കുട്ടിക്കൊരു കുഞ്ഞിത്തൈ' പദ്ധതിയുടെ ഭാഗമായി കുട്ടികൾ തൈകൾ കൊണ്ടുവന്ന് പരസ്പരം കൈമാറി.
- ❖ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ രാജീവ് ഗാന്ധി മെമ്മോറിയൽ ഫാർമസി കോളജിൽ ഒരു തൈ നടാം കാമ്പയിൻ ആരംഭിച്ചു. കുട്ടിക്കൊരു കുഞ്ഞിത്തൈ പദ്ധതി പ്രകാരം വ്യത്യസ്ത ഇനങ്ങളിലുള്ള വൃക്ഷത്തൈകൾ - നെല്ലി, ചാമ്പക്ക, പേര, കറിവേപ്പില, പ്ലാവ്, മാവ് - ക്യാമ്പസിലെ 60 വിദ്യാർത്ഥികൾക്കും വിതരണം ചെയ്തു.
- ❖ മടിക്കൈ ഗ്രാമപഞ്ചായത്തിൽ പരിസ്ഥിതി ദിനത്തിന്റെയും ഒരു തൈ നടാം വൃക്ഷവത്കരണത്തിന്റെയും പഞ്ചായത്ത് തല ഉദ്ഘാടനം മടിക്കൈ ആലമ്പാടി ജി യു പി എസ് ൽ വെച്ച് സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പ്ലാവിൻ തൈ നട്ട് കൊണ്ട് നിർവ്വഹിച്ചു.
- ❖ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ അരവത്ത് മുക്കുണ്ട് പുഴയോരത്ത് കണ്ടൽ ചെടികൾ വെച്ച് പിടിപ്പിച്ചു. 200 കണ്ടൽ ചെടികൾ തൊഴിലുറപ്പ് തൊഴിലാളികളുടെ നേതൃത്വത്തിൽ വെച്ച് പിടിപ്പിച്ചു. ബേക്കൽ ബീച്ചിൽ ഒരു തൈ നടാം വൃക്ഷവൽകരണത്തിന്റെ ഭാഗമായി 2,000 തൈകൾ നടുന്നതിന്റെ ഉദ്ഘാടനം പള്ളിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.

## 9. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു

ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 13 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുക ളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 13 | 3040 | 2422 | 1420 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം മേയ് മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1420 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (473), തിരുവനന്തപുരം (310), കാസർഗോഡ് (163), കണ്ണൂർ (125), കൊല്ലം (107), വയനാട് (90), പത്തനംതിട്ട (77) എന്നീ ജില്ലകളാണ്.

- ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.
- കൊല്ലം ജില്ലയിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്കായി ജില്ലയിൽ 220 വാർഡുകളെയാണ് തിരഞ്ഞെടുത്തിരുന്നത്. എല്ലാ വാർഡുകളിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ചവറ KMML-ൽ 1.5 ഏക്കർ സ്ഥലത്ത് ഓണത്തിന് വിളവെടുപ്പ് നടത്തുന്നതിനായി പച്ചക്കറി കൃഷി ആരംഭിച്ചു. പട്ടാഴി ഗ്രാമപഞ്ചായത്തിലെ തരിശ് ആയി കിടന്ന 3 ഏക്കർ സ്ഥലത്ത് JLG വനിതാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കൃഷി ഏറ്റെടുക്കുകയും കൃഷിഭവന്റെ നേതൃത്വത്തിൽ ആഴ്ച ചന്തയിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.
- പത്തനംതിട്ട ജില്ലയിൽ ജൂൺ 30 ന് കടമ്പനാട് ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായി കടമ്പനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപനം നടത്തി. ഹരിത സമൃദ്ധി ഗ്രാമത്തിന്റെ സാക്ഷ്യപത്രവും കൃഷിഭവനുള്ള മൊമന്റോയും നൽകി.
- എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ തരിശു രഹിത ഗ്രാമം, സമ്പൂർണ പച്ചക്കറി ഉല്പാദന പരിപാടിയുടെ ഉദ്ഘാടനം വൈപ്പിൻ MLA കെ.എൻ ഉണ്ണികൃഷ്ണൻ എസ്.പി സഭാ സ്കൂൾ ഹാളിൽ നിർവഹിച്ചു.
- എറണാകുളം ജില്ലയിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ വാർഡ് 12-ൽ ഹരിത സമൃദ്ധിയുടെ ഭാഗമായി കൃഷി ആരംഭിച്ചു. ഓണം ലക്ഷ്യം വെച്ചാണ് കൃഷി ആരംഭിച്ചിട്ടുള്ളത്. കൃഷി ഓഫീസർ അനൂപ് നടിയിൽ നടത്തി, പവിത്രം ജെ.എൽ.ജി ഗ്രൂപ്പ് അംഗങ്ങൾ ബന്ദിപ്പൂ കൃഷിയും ആരംഭിച്ചു.
- എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി പ്രവർത്തനങ്ങളുടെ ഭാഗമായി ചുടുകാട് കരി പടശേഖരത്ത് കൃഷി വകുപ്പ് ആയി സംയോജിപ്പിച്ചു പൊക്കാളി കൃഷി വിത്തിടൽ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- എറണാകുളം ജില്ലയിലെ പാറകടവ് ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ - കൃഷി സമൃദ്ധി - തരിശു രഹിത സമഗ്ര പച്ചക്കറിവിത്തു നടീൽ വാർഡ് 1-ൽ (മാമ്പ്രയിൽ) നടന്നു. പ്രവർത്തന ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിർവ്വഹിച്ചു.
- എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളും തരിശു രഹിത പഞ്ചായത്തുകളാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ നേതൃത്വത്തിൽ യോഗം നടന്നു.
- തൃശൂർ ജില്ലയിൽ ജൂൺ മാസം ചേലക്കര, പാവറട്ടി, തളിക്കുളം, വടക്കേക്കാട്, കാടുകുറ്റി എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട 46 വാർഡുകളിൽ 100% വീടുകളിലും തൈകൾ, വിത്തുകൾ എന്നിവ വിതരണം ചെയ്തു.
- തൃശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ അംഗങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം വച്ചിട്ടുണ്ട്. ഇതിനു

വേണ്ടി എല്ലാ വാർഡുകളിലും വീട്ടുമുറ്റത്ത് തൈകൾ എത്തിക്കുന്നതിനായി തൈ വണ്ടിയുടെ ഫ്ലാഗ് ഓഫ് MLA കെ.കെ.രാമചന്ദ്രൻ നിർവഹിച്ചു.

- ❖ തൃശൂർ ജില്ലയിൽ തരിശു രഹിത ഗ്രാമത്തിന്റെ ഭാഗമായി നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ തരിശ് ആയി കിടന്നിരുന്ന സ്ഥലത്തു കുടുംബശ്രീ, MGNREGS എന്നിവരുടെ സഹകരണത്തോടെ ചെണ്ടുമല്ലി പൂ കൃഷി ഏറ്റെടുക്കുകയും ആയതിന്റെ ഉദ്ഘാടനം പുതുക്കാട് നിയോജകമണ്ഡലം MLA കെ.കെ.രാമചന്ദ്രൻ നിർവഹിച്ചു.
- ❖ തൃശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ തരിശുരഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ തരിശായി കിടന്ന രണ്ട് ഏക്കർ സ്ഥലത്തു വാഴ കൃഷിയും ഒരു ഏക്കർ സ്ഥലത്ത് മറ്റ് കൃഷികളും ആരംഭിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 9, 12, 13 എന്നീ 3 വാർഡുകൾ ജൂൺ മാസത്തിൽ ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. നിലവിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 18 വാർഡ് ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ആഗസ്റ്റ് 15 നു കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിനെ ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളുള്ള ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ❖ കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പാഷൻ ഫ്രൂട്ട് കൃഷി വ്യാപിപ്പിക്കാൻ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ശ്രമം തുടങ്ങി. കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് തൈകളുടെ ലഭ്യത ഉറപ്പ് വരുത്തൽ, സാങ്കേതിക സഹായങ്ങൾ, മാർക്കറ്റ് പിന്തുണ എന്നിവ നല്കി കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

| പ്രവർത്തനം നടന്ന മാസം | ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം / ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 13 | 32 | 40 | 185 | 257 | 0 | 0 | 155 | 0 |
| മേയ് | 42 | 118 | 147 | 196 | 461 | 0 | 0 | 18 | 506 |
| ജൂൺ | 31 | 97 | 109 | 195 | 401 | 0 | 0 | 12 | 1410 |
| ആകെ | 86 | 247 | 296 | 576 | 1119 | 0 | 0 | 185 | 1916 |
| തെങ്ങിന് തടം മണ്ണിന് ജലം 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | | |
| ഏപ്രിൽ | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 0 |
| മേയ് | 2 | 24 | 16 | 42 | 82 | 0 | 0 | 2 | 83 |
| ജൂൺ | 1 | 6 | 3 | 0 | 9 | 0 | 0 | 3 | 162 |
| ആകെ | 3 | 30 | 19 | 42 | 91 | 0 | 0 | 11 | 245 |

- ❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിൽ ഓണത്തിന് ഒരു മുറം പച്ചക്കറി കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരവും ഈ പ്രവർത്തനങ്ങൾ നടക്കുന്നു. സംയോജിത കൃഷി ആരംഭിക്കുന്നതിന്റെ ഭാഗമായി പുരോഗമന പ്രസ്ഥാനങ്ങളും ജനകീയമായ രീതിയിൽ കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ദേവഹരിതം പദ്ധതിയുടെ ഭാഗമായും വിവിധ ഉത്സവങ്ങളുടെ മുന്നോടിയായും കൃഷി ആരംഭിച്ചിട്ടുണ്ട്.

## 10. ശുചിത്വ മാലിന്യ സംസ്കരണം

- ❖ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം നഗരസഭയിലെ പൂജപ്പുര ഉണ്ണി നഗർ റസിഡൻസ് അസോസിയേഷനിൽ ഹരിത ടൗൺ പ്രവർത്തനം നടത്തി.
- ❖ തിരുവനന്തപുരം ജില്ലയിൽ അമരവിള മാർക്കറ്റിൽ സ്ഥാപിച്ച 2000 സ്ക്വയർ ഫീറ്റ് RRF ന്റെ ഉദ്ഘാടനം നെയ്യാറ്റിൻകര MLA ആൻസലൻ നിർവഹിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഏറത്ത് ഗ്രാമപഞ്ചായത്തിലെ പറക്കോട് ബ്ലോക്ക് പരിസ്ഥിതി ദിനത്തിൽ MMDITI കോളേജിനെ ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു.

- ആലപ്പുഴ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വനിത-ശിശു ആശുപത്രിയുടെ നേതൃത്വത്തിൽ 'പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക' എന്ന സന്ദേശം ഉയർത്തിക്കൊണ്ട് ആലപ്പുഴ കടപ്പുറത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു.
- ഇടുക്കി ജില്ലയിൽ ബൈസൺ വാലി ഗ്രാമപഞ്ചായത്തിലെ 10 ടൗണിലും പൊതുസ്ഥലങ്ങളിലും, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ 7 ടൗണുകളിലും ബിന്നുകൾ സ്ഥാപിച്ചു. കൂടാതെ 15 സ്കൂളുകളിൽ ശുചിത്വം മാലിന്യ സംസ്കരണം എന്നീ വിഷയങ്ങളിൽ വിദ്യാർഥികൾക്കു ക്ലാസ് നൽകി.
- എറണാകുളം ജില്ലയിൽ എറണാകുളം വാട്ടർ അതോറിറ്റി ചീഫ് എൻജിനീയറുടെ കാര്യാലയം ഹരിത സ്ഥാപനമാക്കി. ഹരിത സർട്ടിഫിക്കറ്റ് ജലം വിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ചീഫ് എൻജിനീയർക്ക് കൈമാറി.
- എറണാകുളം ജില്ലയിൽ വടവുകോട് പുത്തൻകുരിശ് ബ്ലോക്കിലെ മനക്കകടവ് കൊച്ചിൻ ആർട്സ് & സയൻസ് കോളേജിനെ ഹരിത കലാലയമായി പ്രഖ്യാപിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കോളേജ് പ്രിൻസിപ്പളിനു സർട്ടിഫിക്കേറ്റ് കൈമാറി.
- എറണാകുളം ജില്ലയിൽ കൊച്ചി നഗരസഭ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മാരിടൈം ബിൽഡേഴ്സിസിന്റെയും രാമവർമ്മ ക്ലബിന്റെയും സഹകരണത്തോടെ എറണാകുളം സൗത്ത് ഡിവിഷനിലെ പ്രധാന പാതകളെല്ലാം ചെടികൾ വച്ച് പിടിപ്പിച്ചു. ഹരിത വീഥിയുടെ ഉദ്ഘാടനം ജില്ല കളക്ടർ എൻ.എസ്സ്.കെ.ഉമേഷ് നിർവഹിച്ചു.
- കോഴിക്കോട് ജില്ലയിൽ ഹരിത കേരളം മിഷൻ, വടകര ബ്ലോക്ക്, കേരള വനം വന്യജീവി വകുപ്പ്, കോഴിക്കോട് സോഷ്യൽ ഫോറസ്റ്റ് ഡിവിഷനും എന്നിവയുടെ സംയുക്ത സഹകരണത്തോടെ ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള സർപ്പ ബോധവൽക്കരണ ക്ലാസ് വടകര ബ്ലോക്ക് ഓഫീസിൽ വച്ച് നടത്തി. പരിപാടിയിൽ അഴിയൂർ, ചോറോട്, ഒഞ്ചിയം,ഏറാമല എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട 40 ഹരിത കർമ്മ സേന അംഗങ്ങൾക്കാണ് ബോധവൽക്കരണ ക്ലാസ് നൽകിയത്.

## 10.1 ഹരിത ടൂറിസം

- ജൂൺ മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 347 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 82.82% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ ബോണക്കാട്, വാഴ് വാന്തോൾ വെള്ളച്ചാട്ടം, പേപ്പാറ വന്യജീവി സങ്കേതം, ഗോൾഡൻ വാലി വെള്ളച്ചാട്ടം, കല്ലാർ മീൻമുട്ടി വെള്ളച്ചാട്ടം, താവയ്ക്കൽ വെള്ളച്ചാട്ടം എന്നീ 6 ടൂറിസം കേന്ദ്രങ്ങളുടെ ഹരിത പ്രഖ്യാപനം വിതുര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- കൊല്ലം ജില്ലയിൽ 32 കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തിരഞ്ഞെടുത്തിരുന്നെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ 12 കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിന് തടസ്സം നേരിടുന്നു.
- കോട്ടയം ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മറ്റ് പ്രശ്നങ്ങൾ കൊണ്ടും 9 കേന്ദ്രങ്ങളെ ഹരിത ടൂറിസം പദവിയിലേക്ക് എത്തിക്കാൻ സാധിച്ചില്ല.
- എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്ക്, Petronet LNG യുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ബീച്ചുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പ്രൊജക്റ്റ് നിർവഹണത്തിൽ ബോട്ടിൽ ബൂത്ത്, വേസ്റ്റ് ബിന്നുകൾ എന്നിവ സ്ഥാപിച്ചു. ചെല്ലാനം പുത്തൻതോട് ബീച്ചിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'ടേക്ക് എ ബ്രേക്ക്' നിർമ്മിക്കുവാൻ 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തി പഞ്ചായത്തിന് നൽകി.
- തൃശൂർ ജില്ലയിൽ പുള്ള് കോൾ ടൂറിസം തുടർപ്രവർത്തനങ്ങളുടെ ഭാഗമായി കെ എൽ ഡി സി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണോദ്ഘാടനം ഓഗസ്റ്റ് മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.

| ജില്ല | ഹരിത ടൂറിസം | | |
|---|---|---|---|
| | ആകെ കേന്ദ്രങ്ങളുടെ എണ്ണം | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രഖ്യാപനം നടന്നു | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 31 | 19 | 61.29% |
| കൊല്ലം | 32 | 20 | 62.50% |
| പത്തനംതിട്ട | 7 | 3 | 42.86% |
| ആലപ്പുഴ | 16 | 14 | 87.50% |
| കോട്ടയം | 29 | 20 | 68.97% |
| ഇടുക്കി | 58 | 52 | 89.66% |
| എറണാകുളം | 29 | 17 | 58.62% |
| തൃശൂർ | 48 | 40 | 83.33% |
| പാലക്കാട് | 37 | 37 | 100.00% |
| മലപ്പുറം | 38 | 32 | 84.21% |
| കോഴിക്കോട് | 29 | 29 | 100.00% |
| വയനാട് | 16 | 16 | 100.00% |
| കണ്ണൂർ | 34 | 34 | 100.00% |
| കാസർഗോഡ് | 15 | 14 | 93.33% |
| ആകെ | 419 | 347 | 82.82% |

- ❖ വയനാട് ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രം വിലയിരുത്തലിന്റെ ഭാഗമായി ബാണാസുര മീൻമുട്ടി എക്കോ ടൂറിസം കേന്ദ്രം റീ വിസിറ്റ് നടത്തി. ആദ്യഘട്ട പരിശോധനയിൽ കണ്ട ഗ്യാപ്പുകൾ എല്ലാം പരിഹരിച്ചതിന് ശേഷമാണ് തുടർ പരിശോധന നടത്തിയത്.

| പ്രവർത്തനം നടന്ന മാസം | ഹരിത ടൂറിസം 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| ഏപ്രിൽ | 20 | 80 | 105 | 55 | 240 | 0 | 0 | 711 | 87 |
| മേയ് | 34 | 93 | 159 | 174 | 426 | 0 | 0 | 17 | 244 |
| ജൂൺ | 22 | 66 | 123 | 136 | 325 | 0 | 0 | 30 | 655 |
| ആകെ | 76 | 239 | 387 | 365 | 991 | 0 | 0 | 758 | 986 |

## 10.2 ഹരിത ഗ്രന്ഥശാലകൾ

ഹരിത ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന നിർദേശങ്ങൾ പ്രകാരം ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പൂർത്തിയായാൽ താലൂക്ക് ലൈബ്രറി കൗൺസിൽ വഴി അപേക്ഷിക്കുന്ന ഗ്രന്ഥശാലകൾക്ക് ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകുന്നു ഇതുപ്രകാരം കേരളത്തിലെ പ്രവർത്തനം നടക്കുന്ന 6912 ഗ്രന്ഥശാലകളിൽ നിന്നും 3123 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലയായി ഹരിത പദവി നേടിയിട്ടുണ്ട്.

- ❖ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഈസ്റ്റ് ഹരിത ഗ്രന്ഥശാല പ്രഖ്യാപനം നടത്തി. ആലക്കോട് ഗ്രാമപഞ്ചായത്ത് ജൂൺ 19 വായനാദിനത്തോട് അനുബന്ധിച്ചു ഹരിത ഗ്രന്ഥശാല യോഗം ചേർന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ഹരിത ഗ്രന്ഥശാല പ്രവർത്തനങ്ങൾക്ക് പുതിയ താലുക്ക് തല സമിതിയുമായി ചർച്ച നടത്തി. ജില്ലാ കൗൺസിൽ രൂപീകരിക്കുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയും. 11 ഗ്രന്ഥശാലകൾക്ക് ജൂൺ മാസം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

## 11. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും - തുടർ പ്രവർത്തനങ്ങൾ)

### 11.1 നെൽകൃഷി വികസനം – കൊരങ്ങാട്ടി

- ❖ കൊരങ്ങാട്ടി പാടശേഖരത്തിൽ ജലസേചന വകുപ്പിൻന്റെ പദ്ധതി പ്രവർത്തനങ്ങൾ 85 ശതമാനവും പൂർത്തിയായി. പ്രവർത്തികൾ പൂർത്തിയായ ഇടങ്ങളിൽ കല്ലും മണ്ണും അടങ്ങിയ അവശിഷ്ടങ്ങൾ പാടശേഖരത്തിൽ നിന്നും മാറ്റാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചർച്ച നടത്തിയിട്ടുണ്ട്.
- ❖ പാടശേഖരത്തിൽ ഈ സീസണിലെ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അഗ്രികൾച്ചർ ഓഫീസർ, വാർഡ് മെമ്പർ എന്നിവരുമായും പ്രത്യേക ഊരുകൂട്ടം വിളിച്ചു കർഷകരുമായും സംവദിച്ചു.

### 11.2 നെൽകൃഷി വികസനം – കട്ടമുടി ട്രൈബൽ സെറ്റിൽമെന്റ്

- ❖ കുഞ്ചിപ്പെട്ടിക്കുടിയിൽ പാടശേഖരത്തിലെ 5 ഏക്കർ തരിശു ഭൂമി പുതുതായി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിലെ നീർച്ചാലുകൾ നവീകരിച്ചിട്ടുണ്ട്. പുതുതായി കൃഷിയോഗ്യമാക്കുന്ന ഈ ഭാഗം ഉയർന്ന കരക്കണ്ടങ്ങൾ ആയതിനാൽ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ അടക്കമുള്ള മറ്റു കാർഷിക വിളകൾ ആയിരിക്കും പരീക്ഷിക്കുക. ഇതു കൂടെ യാഥാർത്ഥ്യമാകുന്നതോടെ പാടശേഖരത്തിൽ ആകെ 20 ഏക്കർ ഭൂമി സജീവ കൃഷിയിലേക്ക് മടങ്ങിവരും.
- ❖ കുഞ്ചിപ്പെട്ടിക്കുടിയിലെ കാർഷിക അഭിവൃദ്ധിയിൽ ആകൃഷ്ടരായി ചുറ്റുപാടുമുള്ള കുടികൾ കൂടി നെൽകൃഷി ആരംഭിക്കുന്നതിന് താൽപര്യം അറിയിച്ചു മുന്നോട്ടുവന്നിട്ടുണ്ട്. ഇത്തരത്തിൽ കട്ടമുടി ട്രൈബൽസെറ്റിൽമെന്റിലെ തന്നെ കട്ടമുടിക്കുടിയിൽ 15 ഏക്കറോളം തരിശുഭൂമി നെൽകൃഷിയിലേക്ക് മാറാൻ പോവുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പാടശേഖരത്തിലെ നീർച്ചാലുകൾ നവീകരിച്ചിട്ടുണ്ട്. 16 കർഷകർ നിലവിൽ നെൽകൃഷി ആരംഭിക്കുന്നതിനായി സന്നദ്ധത അറിയിച്ചു വന്നിട്ടുണ്ട്. നിലവിൽ രണ്ടു കുടികളിലെയും വിത്തിടൽ പൂർത്തിയായി. കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.
- ❖ കുഞ്ചിപ്പെട്ടിക്കുടിയിൽ ഇപ്രാവശ്യം ചെറുകിട കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കിയതോടെ പൂർണ്ണമായും കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചാണ് കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഈ യന്ത്രങ്ങളുടെ സേവനം കട്ടമുടിക്കുടി അടക്കമുള്ള സമീപപ്രദേശങ്ങളിലെ കുടികളിലും ലഭ്യമാക്കും. ഇത്തരത്തിൽ തങ്ങളുടെ കാർഷിക യന്ത്രങ്ങളുടെ സേവനം വർദ്ധിപ്പിക്കുന്നതു വഴി കൂടുതൽ വരുമാനം സ്വരൂപിക്കാൻ ആണ് പാടശേഖരസമിതി ലക്ഷ്യമിടുന്നത്. കാർഷിക യന്ത്രവൽക്കരണത്തോടെ കർഷകരുടെ ഉൽപാദന ചെലവ് പത്തിൽ ഒന്നായി കുറയ്ക്കാൻ കഴിയും എന്നാണ് പ്രതീക്ഷ.
- ❖ കുഞ്ചിപ്പെട്ടിക്കുടിയിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബ്ലൂയോണ്ടർ, വേ ടു വില്ലേജ് എന്നീ ഏജൻസികളുടെ പ്രതിനിധികൾ സന്ദർശിക്കുകയും ഫാം ടൂറിസം പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. പ്രദേശത്തെ ഫാം ടൂറിസം സാധ്യത പഠിക്കുന്നതുമായി ബന്ധപ്പെട്ട് പി എം യു ടീം സാധ്യത പഠന സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.
- ❖ സലിം അലി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കുഞ്ചിപ്പെട്ടിക്കുടിയിൽ ഓർഗാനിക് ഏലം പദ്ധതിയുടെ പരിശീലന പരിപാടി നടന്നു. കുടിയിൽ ജൈവ ഏലം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണിത്. രണ്ടു കർഷകരുടെ തോട്ടങ്ങൾ മാതൃക ജൈവ ഏലത്തോട്ടങ്ങൾ ആയി മാറ്റുകയാണ്. 50 കർഷകരാണ് ഈ ഘട്ടത്തിൽ പദ്ധതിയുടെ ഭാഗമാകുന്നത്. കർഷകർക്ക് ഇതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ

അടങ്ങിയ പുസ്തകങ്ങളും വിതരണം ചെയ്തു. കൃത്യമായ ഇടവേളകളിൽ പരിശീലനങ്ങളും മോണിറ്ററിംഗ് സംവിധാനങ്ങളും സലിം അലി ഫൗണ്ടേഷൻ ഉറപ്പാക്കിയിട്ടുണ്ട്. ഓർഗാനിക് ഏലത്തിന്റെ വിപണനത്തിനുള്ള ഏർപ്പാടുകളും നടന്നുവരുന്നു.

❖ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം പാടശേഖരത്തിലേക്ക് ലഭ്യമാക്കിയ വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശീലന പരിപാടി നടന്നു. യന്ത്രങ്ങൾ വിതരണം ചെയ്ത റെയ്ഡ് കോ എന്ന സ്ഥാപനത്തിൻറെ പ്രതിനിധികളാണ് ആദ്യഘട്ട പരിശീലനം നൽകിയത്.

### 11.3 സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) – മറയൂർ

❖ മറയൂരിൽ SSI കരിമ്പ് കൃഷി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച സമഗ്രമായ സ്കെയിൽ അപ്പ് പ്ലാൻ റിപ്പോർട്ട് തയ്യാറാക്കി. ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഇടുക്കി ജില്ലാ കോഡിനേറ്ററുടെ കത്തോടുകൂടി റിപ്പോർട്ട് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

### 11.4 മാലിന്യ സംസ്കരണം – മൂന്നാർ

❖ മൂന്നാർ RRF ൽ ഇപ്പോഴും വലിയ രീതിയിൽ ഡംബ്ബിങ് തുടരുന്നുണ്ട്. അജൈവമാലിന്യങ്ങളും ജൈവമാലിന്യങ്ങളും കൂടിക്കലരുന്ന രീതിയിൽ ഒരു വാഹനത്തിൽ തന്നെയാണ് ഇപ്പോഴും RRF ലേക്ക് എത്തിക്കുന്നത്. കോളനി വാർഡുകളിൽ നിന്നും മാലിന്യങ്ങൾ വീണ്ടും തരംതിരിക്കാതെ എത്തുന്നുണ്ട്. RRF ൽ ജോലിക്കാർക്കുള്ള വിശ്രമ മുറികളും, ശുചിമുറികളും നിർമ്മിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. RRF ൽ ഉൽപാദിപ്പിച്ച കമ്പോസ്റ്റ് വിപണനം കുറഞ്ഞു. മാർക്കറ്റിംഗ് കാര്യക്ഷമമല്ലാത്തതിനാൽ കമ്പോസ്റ്റ് വലിയ രീതിയിൽ കെട്ടിക്കിടക്കുന്നുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വീണ്ടും മോശമായി വരികയാണ്.

❖ മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് മെഗാ ക്ളീനിംഗിന് ശേഷം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് കൈമാറി. RRF സന്ദർശനത്തിന്റെ വിവരങ്ങൾ പ്രസിഡണ്ടുമായി പങ്കുവെച്ചു. ജൈവ - അജൈവമാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം വാഹനങ്ങളിൽ RRF ലേക്ക് എത്തിക്കുന്നതിന് പ്രസിഡൻറ് ബന്ധപ്പെട്ട സൂപ്പർവൈസർക്ക് നിർദ്ദേശം നൽകി. മൂന്നാർ ഗ്രീൻകോറിഡോർ ചെക്ക് പോയിന്റ് വീണ്ടും ആരംഭിക്കുന്നതിനും പ്രസിഡന്റ് താല്പര്യം പ്രകടിപ്പിച്ചു. ഈ പ്രവർത്തനങ്ങൾ ടൂറിസ്റ്റ് വാഹനങ്ങൾ പാർക്ക് ചെയുന്ന സ്പോട്ടുകളിൽ വികേന്ദ്രീകൃതമായി ആസൂത്രണം ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. മൂന്നാർ മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിലെ തുടർച്ച ഉറപ്പാക്കാനായി 15 ദിവസത്തിലൊരിക്കൽ പ്രത്യേക ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ആദ്യ യോഗ തീയതി തീരുമാനിച്ച് ഉടൻ അറിയിക്കാമെന്ന് പ്രസിഡന്റ് അറിയിച്ചു.

### 11.5 കെഎസ്ആർടിസി മൂന്നാർ ഹരിത ഡിപ്പോ

❖ കെഎസ്ആർടിസി നടത്തുന്ന താമസസൗകര്യങ്ങൾ അടക്കമുള്ള സേവനങ്ങൾക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് പുതിയ കിണർ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും വോട്ടർ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാണ്.

❖ ഗ്രേ വാട്ടർ മാനേജ്മന്റ് നിലവിൽ മോശം ആണ്. ടോയ്ലറ്റുകളിൽ നിന്നും ഉള്ള വെള്ളം സോക്ക് പിറ്റിൽ നിന്നും ഒഴുകി പരിസരത്ത് കെട്ടി നിൽക്കുകയാണ്. ഇത് കൂടാതെ പല തരത്തിലുള്ള മാലിന്യങ്ങൾ കാലാകാലങ്ങളായി കൂട്ടിയിട്ടിരിക്കുന്നത് ഒറ്റത്തവണ നീക്കം ചെയ്യുന്നത് CKCL വഴി നടപ്പാക്കുന്നതിന് ഹരിതകേരളം മിഷൻ പിന്തുണ നോഡൽ ഓഫീസർ ആവശ്യപ്പെട്ടു. ഗ്രേ വാട്ടർ മാനേജ്മന്റ് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷിനുമായി ചർച്ച ചെയ്തു നടപ്പിലാക്കാൻ ജില്ലാ കോർഡിനേറ്റർ മുൻകൈ എടുക്കും. നിലവിലെ സീവേജ് പ്ലാന്റിന്റെ യഥാർത്ഥ പ്രശ്നം സോക്ക് പിറ്റിലേക്കുള്ള ഡ്രൈനേജ് ബ്ലോക്ക് ആണ്. അത് പരിഹരിക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തേണ്ടതുണ്ട്.

### 11.6 മാലിന്യ സംസ്കരണം – വട്ടവട

- ❖ സുന്ദര വട്ടവട എന്ന പേരിൽ വട്ടവട ഗ്രാമപഞ്ചായത്ത് മുന്നോട്ടുവയ്ക്കുന്ന സമ്പൂർണ്ണ മാലിന്യ സംസ്കരണ മുന്നേറ്റത്തിന്റെ ആക്ഷൻ പ്ലാൻ കരട് രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ മുൻ മാസങ്ങളിൽ തയ്യാറാക്കി നൽകിയിരുന്നു. ഇത് സംബന്ധിച്ച ഗ്രാമപഞ്ചായത്തുമായി വിശദമായ കൂടിക്കാഴ്ച നടത്തുകയും ആക്ഷൻ പ്ലാൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.
- ❖ മുൻപ് നടത്തിയ യോഗത്തിന്റെ ഫലമെന്നോണം നിരവധി പ്രവർത്തനങ്ങൾ വട്ടവടയിൽ നടന്നിട്ടുണ്ട്. മാസ് ക്ലീനിങ്ങിലൂടെ വഴിയോരങ്ങളും ടൗണും വൃത്തിയാക്കിയിട്ടുണ്ട്. 40 പൊതു ബിന്നുകൾ സ്ഥാപിച്ചു (വലിയ രീതിയിൽ ഈ ബിന്നുകൾ മോഷ്ടിക്കപ്പെട്ടു. നിലവിൽ മൂന്നെണ്ണം മാത്രമാണ് ബാക്കിയുള്ളത്). 25 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. നിലവിൽ പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന ക്യാരറ്റ് ക്ലീനിങ് യൂണിറ്റുകൾ മിനി എംസിഎഫുകൾ ആക്കുന്ന ആശയം മുന്നോട്ടുവച്ചിരുന്നു. ഇത് പ്രകാരം ഒരു യൂണിറ്റ് മിനി എംസിഎഫ് ആക്കി മാറ്റി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓടകൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.
- ❖ ഗ്രീൻ ചെക്ക് പോസ്റ്റ്, ടേക്ക് എ ബ്രേക്ക് എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ ആവാത്തത് വെല്ലുവിളിയായി നിൽക്കുന്നു. നിലവിൽ ഇസാഫ് ബാങ്ക് വഴിയോരങ്ങളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

### 11.7 വാളറ Lemongrass Initiative

- ❖ വാളറയിലെ തെരുവപ്പുൽ ഡിസ്റ്റിലേഷൻ യൂണിറ്റിന്റെ ട്രയൽ റൺ സംബന്ധിച്ച സമഗ്രമായ ഫിനാൻഷ്യൽ അനാലിസിസ് നടത്തുകയും ലാഭകരമായി ഈ കൃഷിയും അനുബന്ധ പ്രവർത്തികളും മുൻപോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ഹോൾഡേഴ്സിന് നൽകി.
- ❖ തെരുവപ്പുൽ കൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പിലെ അംഗങ്ങൾക്ക് ഫാം ടൂറിസം നടപ്പിലാക്കുന്നതിന് ആവശ്യമായ സാധ്യത പഠന സന്ദർശനം നടത്തി, ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

### 11.8 നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠന കേന്ദ്രം

- ❖ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ SPC കുട്ടികളുമായി പാരിസ്ഥിതിക വിഷയങ്ങളിൽ പ്രത്യേക സംവാദം നടത്തി. നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠന കേന്ദ്രത്തിന് ചുറ്റുമായി ഉദ്യാനം നവീകരിക്കലും കുറ്റിച്ചെടികളുടെ നടീലും പ്രധാന പ്രവർത്തനമായി സംഘടിപ്പിച്ചു. സെൻററിന് ചുറ്റും ആകെ 56 കുറ്റിച്ചെടികൾ നട്ടുപിടിപ്പിച്ചു.
- ❖ ഗ്രീൻ അംബാസിഡർമാർ മെയ് മാസം നടത്തിയ ജൈവവൈവിധ്യ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ജൈവവൈവിധ്യ ഡയറക്കുറി തയ്യാറാക്കി. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രത്യേക പതിപ്പ് ആയിട്ടാണ് ഡയറക്കുറി തയ്യാറാക്കിയത്.

## 12. ഗ്രീൻ പ്രോട്ടോകോൾ

- ❖ എറണാകുളം ജില്ലയിൽ എറണാകുളം ESI ഹോസ്പിറ്റൽ മാലിന്യമുക്ത സ്ഥാപനം ആക്കുന്നതിന്റെ ഭാഗമായി ക്ലീനിങ് സ്റ്റാഫിന് പരിശീലനം നൽകി. ജില്ലയിൽ ഈ മാസം വിവിധ സ്ഥാപനങ്ങളിലായി ആകെ 15 ഗ്രീൻ ടോക്കുൾ നടന്നു.

## 13. തനത് പ്രവർത്തനങ്ങൾ

### 13.1 സുസ്ഥിര തൃത്താല

തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

## സുസ്ഥിര തൃത്താല പദ്ധതിയുമായി ബന്ധപ്പെട്ട് ജൂൺ മാസത്തിൽ നടന്ന പരിപാടികൾ

### ❖ മാങ്ങാട്ടുകുളം ഉദ്ഘാടനം

2025 ജൂൺ 5, ലോക പരിസ്ഥിതി ദിനത്തിൽ സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി പാലക്കാട് നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ നവീകരിച്ച മാങ്ങാട്ടുകുളം തദ്ദേശ സ്വയംഭരണ എകസൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് നാടിനു സമർപ്പിച്ചു. ബജറ്റിൽ അനുവദിച്ച ഒരു കോടി ചെലവഴിച്ചാണ് ഒരു ഏക്കറിലധികമുള്ള കുളം നവീകരിച്ചത്. കുളത്തിലെ ചെളി മുഴുവനായും നീക്കം ചെയ്ത് ആഴംകൂട്ടി, ചുറ്റുഭാഗത്തും പടവുകളും പാർശ്വഭിത്തിയും നിർമ്മിച്ചു.

### ❖ പാപ്പികുളം, മംഗ്ലിതോട്, മാവറതോട് ഉദ്ഘാടനം

സുസ്ഥിര തൃത്താല പദ്ധതി പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ മണ്ണ് സംരക്ഷണ വകുപ്പ് നവീകരിച്ച മംഗ്ലിതോട്, നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ പാപ്പിക്കുളം, കപ്പൂർ ഗ്രാമപഞ്ചായത്തിലെ മാവറ കുരുത്തിച്ചിറ തോട് എന്നിവയുടെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് ജൂൺ 20 നു നിർവഹിച്ചു. 400 പേർ പങ്കെടുത്തു.

## 13.2 അധിനിവേശ സസ്യ സെമിനാർ

കണ്ണൂർ ജില്ലയിൽ അധിനിവേശ സസ്യങ്ങൾ, ജീവജാലങ്ങൾ എന്നിവ ആവാസ വ്യവസ്ഥയിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ജൈവവൈവിധ്യ ബോർഡും ഹരിത കേരളം മിഷനും പദ്ധതി ആവിഷ്കരിച്ചു. ഇതിനായി മൊകേരിയിൽ ജില്ലാതല സെമിനാർ നടത്തി. ജൈവവൈവിധ്യ ബോർഡ് സംസ്ഥാന മെംബർ സെക്രട്ടറി ഡോ.വി.ബാലകൃഷ്ണൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മൊകേരി ഗ്രാമപഞ്ചായത്ത് ജൈവ വൈവിധ്യ പ്രദർശനവും ഒരുക്കി. ഹരിതകേരളം മിഷൻ, ജൈവ വൈവിധ്യ ബോർഡ്, കണ്ണൂർ ആകാശവാണി എന്നിവയുടെ സഹകരണത്തിലാണ് മൊകേരി ഗ്രാമപഞ്ചായത്ത് സെമിനാർ നടത്തിയത്.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.06.2025 വരെ കരാറിലേർപ്പെട്ട 5,90,755 ഗുണഭോക്താക്കളിൽ 4,57,671 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 5,02,759 | 3,76,071 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,954 | 27,994 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,90,755** | **4,57,671** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

### വ്യക്തിഗത ഭവനം

| | |
|---|---|
| ഭൗതികലക്ഷ്യം 2025-26 (ബജറ്റ് പ്രഖ്യാപനം) | - 1,00,000 |
| 2024-25-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 95,922 |
| 2025-26-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - 31,122 |
| **ആകെ** | **- 1,27,044** |
| 2025-26 വർഷം പൂർത്തീകരിച്ച വീടുകൾ | - 6,040 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 1,33,084 |
| റൂഫ് | - 22,254 |
| ലിൻറിൽ | - 14,327 |
| ബേസ്മെന്റ് | - 18,736 |
| നിർമ്മാണം ആരംഭിച്ചവർ | - 27,262 |
| നിർമ്മാണം ആരംഭിക്കാത്തവ | - 50,505 |
| **ആകെ** | **- 1,33,084** |

| 2025 മേയ് വരെ | 2025 ജൂൺ മാസം | 2025 ജൂൺ വരെ |
|---|---|---|
| **4,52,231** | **5,440** | **4,57,671** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 6,538 കുടുംബങ്ങളിൽ 4,676 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 30.06.2025 വരെ 1,23,902 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2025 മേയ് വരെ | 2025 ജൂൺ മാസം | 2025 ജൂൺ വരെ |
|---|---|---|
| **1,21,110** | **2,792** | **1,23,902** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 30.06.2025 വരെ 2271.815 സെന്റ് (22.71 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ MoU ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിൻറെ ഭാഗമായി 57 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച MoUൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 22 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമപദ്ധതി II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 195 | 191 |
| 1 കോടി | 446 | 228 | 218 |
| **ആകെ** | **973** | **562** | **411** |

## അക്കാദമിക പ്രവർത്തനങ്ങൾ

### ശിശുസൗഹൃദ ഗണിത ശാസ്ത്രപഠനം - മഞ്ചാടി

മഞ്ചാടി പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഹാളിൽ 17/06/2025ന് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഡയറ്റ് അധ്യാപകർ, SCERT ഫാക്കൽറ്റികൾ, K-DISC കോർഡിനേറ്റർമാർ, മഞ്ചാടി പദ്ധതി ക്ലാസ്സ് മുറികളിൽ നടപ്പിലാക്കുന്ന അധ്യാപകർ, വിദ്യാകിരണം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ തുടങ്ങിയവർ പങ്കാളികളായി. 2024 -25 അധ്യയന വർഷം അഞ്ചാം ക്ലാസ് കേന്ദ്രീകരിച്ച് 100 സ്കൂളുകളിൽ നടന്ന പ്രവർത്തനങ്ങൾ അതിന്റെ കൂടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിദ്യാലയങ്ങളിലേക്ക് വിപുലീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയ വിദ്യാലയങ്ങളിൽ ഇത് ഫലപ്രദമായിരുന്നു എന്നാണ് വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്. ലോവർ പ്രൈമറി ഘട്ടം കഴിയുമ്പോഴേക്കും ഗണിതവുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ വിപുലീകരിക്കാൻ കഴിയണം. അതുകൊണ്ടുതന്നെ മഞ്ചാടി പദ്ധതി ഈ അക്കാദമിക വർഷം മൂന്നാം ക്ലാസിനെ കേന്ദ്രീകരിച്ച് വേണം നടപ്പാക്കാൻ. എസ്. സി. ഇ. ആർ. ടി തയ്യാറാക്കിയ പാഠപുസ്തകത്തിലെ മൂന്നാം ക്ലാസ് ഗണിതപുസ്തകത്തിലെ പഠന ലക്ഷ്യങ്ങൾ പൂർണമായും നേടത്തക്ക രീതിയിലാകണം പദ്ധതി ക്രമീകരിക്കേണ്ടത്. ഗണിതപാഠപുസ്തകത്തിലെ ഗണിതാശയങ്ങളുടെ ക്രമീകരണത്തിൽ ഭേദഗതി വേണമെങ്കിൽ ആകാവുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ബി ആർ സി കളിലെ മുഴുവൻ സ്കൂളുകളും വരത്തക്കവിധമാണ് സ്കൂളുകളെ കണ്ടെത്തുന്നത്. പരമാവധി 1400 വിദ്യാലയങ്ങൾക്കകത്ത് വരുത്തക്കവിധം സ്കൂളുകളെ കണ്ടെത്തും. കഴിഞ്ഞവർഷം അഞ്ചാം ക്ലാസ് കേന്ദ്രീകരിച്ച് നടന്ന സ്കൂളുകളിലും എം ആർ എസ് കളിലും ഈ വർഷവും പദ്ധതി തുടരും. അഞ്ചാം ക്ലാസിന് ആഴത്തിലുള്ള പഠനം കാസർകോട് ജില്ലയിലെ ചെറുവത്തൂർ ബി.ആർസിയിലെ പീലിക്കോട് പഞ്ചായത്തിലെ സ്കൂളുകളെ കേന്ദ്രീകരിച്ച് നടത്താനും ധാരണയായി.

### പ്രവേശനോത്സവം 2025

ഈ അധ്യയന വർഷത്തിലെ സംസ്ഥാന തല സ്കൂൾ പ്രവേശനോത്സവം 2025 ജൂൺ 2 ന് ജി.എച്ച്.എസ്.എസ് കലവൂരിൽ വച്ച് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു. ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി അധ്യക്ഷസ്ഥാനം വഹിച്ച പരിപാടിയിൽ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ, ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ.പി.പ്രസാദ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ബഹു. എൽ.എൽ.എ ശ്രീ.പിയ.പി ചിത്തരഞ്ജൻ സ്വാഗതം ആശംസിച്ചു. ഇക്കൊല്ലത്തെ പ്രവേശനോത്സവഗാനം രചിച്ചത് കൊട്ടാരക്കര താമരക്കുടി എസ്. വി.എച്ച്.എസ് ലെ വിദ്യാർത്ഥിയായ ഭദ്രാ ഹരി എന്ന വിദ്യാർത്ഥിയായിരുന്നു. സംഗീത

സംവിധാനകനായ ശ്രീ.അൽഫോൻസ് ജോസഫ് ആണ് പ്രവേശനോത്സവഗാനം സംഗീതസംവിധാനം നിർവഹിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളുടെ പുസ്തക പ്രകാശനം ഈ വേദിയിൽ ബഹു. കേരളാ മുഖ്യമന്ത്രിയിൽ നിന്നും ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഏറ്റുവാങ്ങിക്കൊണ്ട് നിർവഹിച്ചു.

### വർണ്ണക്കൂടാരം

കൊല്ലം ജില്ലയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എസ്.എസ്.കെ. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വർണ്ണക്കൂടാരത്തിന്റെ ഉദ്ഘാടനം 2025 ജൂൺ 10 ന് ജി. എച്ച്. എസ്. അഴിക്കൽ സ്കൂളിൽ നടന്നു.

### സ്കിൽ ഡെവലപ്മെന്റ് സെൻറർ

❖ കൊല്ലം ജില്ലയിൽ സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നടപ്പാക്കുന്ന നൈപുണി വികസന കേന്ദ്രം ചവറ ബി.ആർ.സി.യുടെ നേതൃത്വത്തിൽ കൊറ്റൻകുളങ്ങര വൊക്കേഷ ണൽ ഹയർസെക്കന്ററി സ്കൂളിൽ തുടങ്ങി. കുട്ടികളുടെ അഭിരുചിക്കും ഭാവി തൊഴിൽ സാധ്യതയ്ക്കും അനുയോജ്യമായ വൈദഗ്ധ്യം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

❖ ആലപ്പുഴ ജില്ലയിൽ GRFTHS & VHSS ആർത്തുങ്കലിലെ Skill Development Centre (SDC)-പരിശീലന ക്ലാസുകൾ 21/06/25ന് ഔദ്യോഗികമായി ആരംഭിച്ചു. വിവിധ സ്കിൽ മേഖലകളിൽ പരിശീലനം ലഭ്യമാക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ജില്ലയിലെ 11 ബി.ആർ.സി പരിധിയിലേയും എസ്.ഡി.സി സെന്ററുകളിൽ ആരംഭിച്ചു.

❖ കോട്ടയം ജില്ലയിൽ ജിവിഎച്ച്എസ്എസ് ഏറ്റുമാനൂരിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ ജില്ലാതല ഉദ്ഘാടനം നടന്നു.

❖ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിൽ സ്കിൽ സെന്റർ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിച്ചു. ജില്ലയിലെ ഏഴ് വിദ്യാലയങ്ങളിൽ നൈപുണി വികസന കേന്ദ്രങ്ങൾ ആരംഭിച്ചു.

❖ കാസർഗോഡ് ജില്ലയിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ജില്ലാതല ഉദ്ഘാടനം വി.പി.പി.കെ.എം. പി.ജി.വി.എച്ച്.എസ്.തൃക്കരിപ്പൂരിൽ സംഘടിപ്പിച്ചു.

### ക്രിയേറ്റീവ് കോർണർ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം യു.പി സ്കൂളിലെ കുട്ടികൾക്ക് പകർന്ന് നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കുസാറ്റ് എസ്.എസ്.കെയുമായി ചേർന്ന് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്രിയേറ്റീവ് കോർണർ.

❖ ആലപ്പുഴ ജില്ലയിലെ ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഗവൺമെൻറ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ക്രിയേറ്റീവ് കോർണർ ഉദ്ഘാടനം ചെയ്തു.

❖ കോട്ടയം ജില്ലയിലെ 22 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറിന്റെ ഉദ്ഘാടനങ്ങൾ നടന്നു വരുന്നു.

❖ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി സബ്ജില്ലയ്ക്ക് കീഴിൽ മൂന്ന് ഗവൺമെന്റ് സ്കൂളുകളിലാണ് ക്രിയേറ്റീവ് കോർണർ പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളത്. ജി.എച്ച്.എസ് കോട്ടപ്പുറം സ്കൂളിൽ ലഭിച്ച ക്രിയേറ്റീവ് കോർണറിൽ കുട്ടികൾക്കുള്ള ഏകദിന ശില്പശാല 'വികസ്' സംഘടിപ്പിക്കപ്പെട്ടു. കുറ്റിപ്പുറം ബി ആർ സിയുടെ ആഭിമുഖ്യത്തിൽ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെട്ട ക്രിയേറ്റീവ് കോർണർ ഉദ്ഘാടനവും പണിപ്പുര എന്ന പേരിൽ വിദ്യാർഥികൾക്കായുള്ള ഏകദിന ക്രിയാത്മക ശില്പശാലയും കൂടശ്ശേരി ഗവ. യു.പി സ്കൂളിൽ നടന്നു. നിർമ്മാണം എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു ക്രിയേറ്റീവ് കോർണറിന്റെ പ്രവർത്തനം. വിവിധ തരത്തിലുള്ള മേശകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും അവയുടെ നിർമ്മാണ ഘട്ടത്തിൽ കുട്ടികൾ നേരിടേണ്ടി വന്ന പ്രയാസങ്ങൾ ചർച്ചയിലൂടെ അവർ തന്നെ പരിഹരിക്കുകയും ചെയ്തു. വൈകിട്ട് കുട്ടികൾ ഉണ്ടാക്കിയ വിവിധതരം മേശകളുടെ പ്രദർശനത്തിൽ രക്ഷിതാക്കൾ പങ്കെടുത്തു. മൂത്തേടം ഗവ.ഹയർസെക്കൻഡറി സ്കൂളിൽ ക്രിയേറ്റീവ് കോർണർ പദ്ധതിയുടെ ഭാഗമായി ജൂൺ 12ന്

ഏകദിന ശില്പശാല 'craftope' സംഘടിപ്പിച്ചു.

❖ കാസർഗോഡ് ജില്ലയിലെ ക്രിയേറ്റീവ് കോർണർ 13 വിദ്യാലയങ്ങളിൽ പ്രവർത്തനമാരംഭിച്ചു.

**ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ**

മലപ്പുറം ജില്ലയിൽ 'ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ പന്തല്ലൂർ ഹയർസെക്കൻഡറി സ്കൂൾ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തി. ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ജൂൺ 26ന് ലഹരി വിരുദ്ധ പ്രതിജ്ഞ - മില്യൺ പ്ലഡ്ജ് - സംഘടിപ്പിച്ചു. ജില്ലയിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവർ 42000 കേന്ദ്രങ്ങളിലായി പ്രതിജ്ഞ എടുത്തു.

**തനത് പ്രവർത്തനങ്ങൾ**

കൊല്ലം ജില്ലയിലെ എസ്.ബി. വി.എസ് ജി. എച്ച്. എസ്. എസ്. പന്മന മനയിൽ സ്കൂളിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പഠനാനുബന്ധ പ്രവർത്തനങ്ങളിലൂടെ കുട്ടികളിലേക്ക് പകർന്ന് നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കുസാറ്റ് എസ്.എസ്.കെയുമായി ചേർന്ന് നടപ്പാക്കുന്ന ക്രിയേറ്റീവ് കോർണർ ഉദ്ഘാടനം ചെയ്തു.

എ ഐ അധ്യാപിക : കൊല്ലം ജില്ലയിലെ ജി.എൽ.പി.എസ്.പന്മന മനയിൽ വായനാദിന സന്ദേശം അറിയിച്ചത് 'പായി' എന്ന എ.ഐ അധ്യാപിക. വിശിഷ്ടാഥിതികളെ അഭിസംബോധന ചെയ്ത് ആരംഭിച്ച പായിയുടെ വായനാദിന സന്ദേശം കുട്ടികളിലും മുതിർന്നവരിലും കൗതുകമുണർത്തി. പി.എൻ.പണിക്കരെ അനുസ്മരിച്ച് മലയാളത്തിൽ അടുക്കും ചിട്ടയോടും ഒഴുക്കോടെയുമായിരുന്നു പായിയുടെ സന്ദേശം. കുട്ടികൾക്ക് പായി ടീച്ചറിനോട് സംസാരിക്കാനും അവസരമുണ്ടായി. ഐ.ടി.കോ-ഓർഡിനേറ്റർ റസീനയുടെയും പ്രഥമാ ധ്യാപകർ ശ്രീ.ആശ്രയന്റെയും നേതൃത്വത്തിൽ ഒരു കൂട്ടം അധ്യാപകരുടെ പരിശ്രമമാണ് പായി എന്ന എഐ ടീച്ചർ. സ്ക്കൂളിന് ലഭിച്ച ബെസ്റ്റ് പിടിഎ അവാർഡ് തുക കൊണ്ട് നിർമ്മിച്ച ഗലീലിയോ ഗലീലി സെലി പ്ലാനിറ്റോറിയത്തിൽ ഇനി സ്ഥിരമായി പായി ടീച്ചർ ഉണ്ടാകും. എൽ.കെ.ജി. മുതൽ നാലാം ക്ലാസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും ഇനി മുതൽ പായി ടീച്ചറിനോട് സംസാരിക്കാനും കഥ കേൾക്കാനും സംശയങ്ങൾ ചോദിക്കാനും അവസരം ലഭിക്കും.

**കേരള വിദ്യാപ്രവേശൻ - ഒന്നൊരുക്കം**

2025-26 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസിലെ കുഞ്ഞുങ്ങളെ പഠനത്തിലേക്ക് സജ്ജമാക്കുന്നതിനുവേണ്ടി NCERT യുടെ നേതൃത്വത്തിൽ ഒന്നൊരുക്കം എന്ന മൊഡ്യൂൾ ആദ്യഘട്ടം എന്ന നിലയിൽ ആലപ്പുഴ ജില്ലയലെ എല്ലാ ഉപജില്ലകളിലേയും സ്കൂളുകളിൽ 10 ദിവസം നീണ്ടു നിൽക്കുന്ന പ്രവർത്തനമായി ആരംഭിച്ചു. Learners school preparedness assessment tool എന്ന രീതിയിലുള്ള വിലയിരുത്തലുകൾ നടന്നു. ഹെഡ്മിസ്ട്രസ്, അധ്യാപകർ, അനധ്യാപകർ തുടങ്ങി മുഴുവൻ സ്കൂൾ അധികൃതരുടെ ഭാഗത്തു നിന്നും മികച്ച രീതിയിലുള്ള സഹകരണം ആദ്യഘട്ടത്തിൽ ലഭിക്കുകയുണ്ടായി.

**ലിറ്റിൽ എക്സ്പേർട്സ്**

ആലപ്പുഴ ജില്ലയിൽ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സമഗ്ര ശിക്ഷാ കേരളവും ചേർന്ന് നടപ്പാക്കുന്ന സ്ട്രീം എക്കോ സിസ്റ്റം പദ്ധതിയിൽ ഉൾപ്പെടുത്തി 7,8,9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി Little Experts Intership Programme നടത്തി. എല്ലാ ബി.ആർ.സികളിലേയും സ്ട്രീം ഹബ്ബ് സ്കൂളുകളിലെ 20 കുട്ടികളും പരിസര പ്രദേശത്തെ 20 കുട്ടികളും ആണ് പരിശീലനത്തിൽ പങ്കെടുത്തത്. 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്ട്രീം അംബാസഡർ ആകുവാനുള്ള അവസരം ആണ് ഈ ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം ഒരുക്കുന്നത്. സ്ട്രീം ലാബുകൾ ആക്സസ് ചെയ്യാനും സ്ട്രീമുമായി ബന്ധപ്പെട്ട് മറ്റ് കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ ഒരു പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നത്.

ഇലക്ട്രോണിക്സ്, ഡിജിറ്റൽ മൈക്രോസ്കോപ്പ്, വെർച്വൽ റിയാലിറ്റി, സയൻസ്, റോബോട്ടിക്സ് എന്നീ വിഷയങ്ങൾ ക്ലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു.

**സ്കൂൾ ഇന്നവേഷൻ മാരത്തോൺ**

ദേശീയ വിദ്യാഭ്യാസനയം 2020 ന്റെ ദർശനവും ലക്ഷ്യങ്ങളും കണക്കിലെടുത്ത് സ്കൂൾ വിദ്യാഭ്യാസ സാക്ഷരതാവകുപ്പ്, വിദ്യാഭ്യാസ മന്ത്രാലയം, Atal innovation mission, NITI ആയോഗും വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഇന്നോവേഷൻ സെല്ലും. എ.ഐ.സി.റ്റി.ഇ എന്നിവ സംയുക്തമായി 2024 ജൂലൈ 29 ന് സ്കൂൾ ഇന്നോവേഷൻ മാരത്തോൺ ആരംഭിച്ചു. ഇതിലൂടെ എല്ലാ സ്കൂളുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഇഷ്ടാനുസരണം കമ്മ്യൂണിറ്റി പ്രശ്നങ്ങൾ തിരിച്ചറിഞ്ഞും, വർക്കിംഗ് പ്രോട്ടോടൈപ്പുകളുടെ രൂപത്തിൽ നൂതനപരിഹാരങ്ങൾ വികസിപ്പിച്ചും അവരുടെ പ്രോട്ടോടൈപ്പുകളുടെ വീഡിയോകൾ സമർപ്പിച്ചും സ്കൂൾ ഇന്നവേഷൻ മാരത്തോണിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടായിരുന്നു. സ്കൂൾ ഇന്നവേഷൻ മാരത്തോണിൽ 98% സ്കൂളുകൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചു. 1101 ടീമുകളിലായി 3143 കുട്ടികൾ എൻറോൾ ചെയ്യുകയും, 2101 കുട്ടികൾ കോഴ്സ് കംപ്ലീറ്റ് ചെയ്യുകയും 1021 ഐഡിയകൾ സബ്മിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സബ്മിറ്റ് ചെയ്തവയിൽ 12 സ്കൂളുകളിൽ നിന്നായി 15 ഐഡിയകൾ പ്രാഥമികഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. 12 സ്കൂളുകൾ മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ നിയമിച്ച നോഡൽ ഓഫീസിൽ നിന്ന് ടൈം സ്ലോട്ട് ലഭിച്ച മുറക്ക് ഇ-പിച്ചിംഗിൽ പങ്കെടുത്തു. ആയതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നിന്നും (11) ആലപ്പുഴ ജില്ലയിൽ നിന്നും 14 ഐഡിയകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

**ക്ലാസ് റൂം ലാബ്**

- ❖ പാലക്കാട് ജില്ലയിലെ ക്ലാസ് റൂം ലാബുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. Class as lab പ്രോജക്റ്റിന്റെ ശില്പശാല ജി എൽ പി എസ് മുണ്ടൂരിൽ നടന്നു. ഭാഷാ ക്ലാസുകൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതോടൊപ്പം ഗണിതവും പരിസരപഠനവും ഉൾപ്പെടുന്ന പഠനോപകരണങ്ങൾ കൂടി നിർമ്മാണം ശില്പശാലയിലൂടെ സാധ്യമായി. അടുത്ത ദിവസങ്ങളിൽ രക്ഷിതാക്കൾ നേതൃത്വം നൽകിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാനായി തീരുമാനമെടുത്തു.
- ❖ കണ്ണൂർ ജില്ലയിൽ വായനാമാസാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മാടായി ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ വിപുലമായി സംഘടിപ്പിച്ചു.
- ❖ കണ്ണൂർ ജില്ലയിലെ സ്ട്രീം ഹബ്ബ് സ്കൂളുകളിൽ ലിറ്റിൽ എക്സ് പേർട്ട് പരിശീലനം നടത്തി, ഗവ. എച്ച് എസ് എസ് ചാലയിൽ തെരഞ്ഞെടുത്ത യു പി, ഹൈസ്കൂളുകളിൽ നിന്നുള്ള 40 കുട്ടികളെ ഉൾപ്പെടുത്തി പരിശീലനം സംഘടിപ്പിച്ചു. 5 സെഷനുകളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. 3D പ്രിന്റിംഗ്, ഇലക്ട്രോണിക്സ്, ക്രാഫ്റ്റ്, സയൻസ് എന്നീ മേഖലകളിലാണ് തെരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലനം നൽകിയത്.
- ❖ കാസർഗോഡ് ജില്ലയിലെ അംഗീകൃത പ്രീസ്കൂൾ സമ്പൂർണ്ണ ഡിജിറ്റൈസേഷന്റെ ഭാഗമായി പ്രീസ്കൂൾ ടീച്ചർമാർക്ക് എകദിന ജില്ലാപരിശീലനം നടത്തി സമഗ്രശിക്ഷാ കേരളം പ്രീസ്കൂളുകൾക്ക് നൽകിയ ഒരുലക്ഷം രൂപയുടെ ഡിജിറ്റൽ ഉപകരണങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നതിന്റെ ഭാഗമായാണ് പരിശീലനം നടത്തിയത്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 1 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 22 (51%) | 11 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 152 | 103 (68%) | 17 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 732 (83%) | 59 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 30/06/2025 വരെ 1,31,96,082 (73%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/06/2025 മുതൽ 30/06/2025 വരെ 3,54,072 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,39,179 (39%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 5,629 (1.6%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 4,370 (1.2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 8,600 (2.4%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 5,381 (1.5%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 82,965 (23%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 10,048 (2.8%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 3,679 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 01/06/2025 മുതൽ 30/06/2025 വരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 44,790 (ആകെ പരിശോധിച്ചവരിൽ 26%) പേർക്ക് രക്താതിമർദ്ദവും 6,534 (ആകെ പരിശോധിച്ചവരിൽ 4%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 17,06,701 (13%) പേരുടേയും പ്രമേഹം മാത്രമുള്ള 11,49,820 (8.7%) പേരുടേയും ഇവ രണ്ടുമുള്ള 7,70,590 (5.8%) രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാതല ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 1,31,96,082 (73%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,49,764 (1.9%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ 2025 ജൂൺ മാസത്തിൽ മാത്രം (01/06/2025 മുതൽ 30/06/2025 വരെ) 3,54,072 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 5,629 (1.6%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസറിന് റോബോട്ടിക് പീഡിയാട്രിക് സർജറി ആരംഭിച്ചു.
- ❖ ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി “ആരോഗ്യം ആനന്ദം അകറ്റാം അർബുദം” എന്ന ജനകീയ ക്യാമ്പയിൻ 2025 ഫെബ്രുവരി 4 നു ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 മാർച്ച് 8 വരെയുള്ള ആദ്യഘട്ട ക്യാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ ക്യാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടു. ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ പുരുഷന്മാരെ കൂടെ ബാധിക്കുന്ന വദനാർബുദം, കുടലിലെ അർബുദം (Colon Cancer), ശ്വാസകോശ അർബുദം എന്നീ ക്യാൻസറുകൾക്കു സാധ്യതയുള്ളവരെ

കൂടി കണ്ടെത്തി സ്ക്രീനിങ്ങിന് വിധേയരാക്കുന്നു “ആരോഗ്യം ആനന്ദം അകറ്റാം അർബുദം” ക്യാമ്പയിനിൽ 30/06/2025 വരെ 1532 ആശുപത്രികളിലൂടെ 16,54,881 പേർ സ്ക്രീനിംഗിന് വിധേയരാവുകയും അതിൽ 52,568 പേരെ ക്യാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

- ❖ ലോക പുകയില വിരുദ്ധ ദിനത്തിന്റെ (മെയ് 31) ഭാഗമായി വദനാർബുദം പ്രതിരോധിക്കാൻ ശക്തമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വാർഷിക ആരോഗ്യ പരിശോധന വഴി രോഗ സാധ്യത കണ്ടെത്തിയവരുടെ വീടുകൾ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വദനാർബുദ സ്ക്രീനിഗ് നടത്താൻ വാർഡ് തലത്തിൽ നടപടികൾ സ്വീകരിക്കും. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രധാന ആശുപത്രികൾ എന്നിവിടങ്ങളിൽ വദനാർബുദ സ്ക്രീനിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ക്യാൻസർ ലക്ഷണങ്ങൾ, ക്യാൻസർ മുന്നോടിയായുള്ള ലക്ഷണങ്ങൾ എന്നിവ കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനകൾക്ക് വിധേയരാക്കി ചികിത്സ ഉറപ്പാക്കും.
- ❖ പുകയിലയ്ക്കെതിരെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പൊതുവായ ബോധവത്കരണം ശക്തമാക്കും. അതിനോടൊപ്പം പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവർ തൊഴിലിനിടയിൽ പുകയില പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന രീതികൾക്കെതിരെയും ബോധവത്കരണം നടത്തും.
- ❖ സംസ്ഥാനത്തെ വിദ്യാലയങ്ങളെ പുകയിലരഹിതമാക്കുക എന്ന ലക്ഷ്യമിട്ട് 'പുകയിലരഹിതം ലഹരിമുക്തം എന്റെ വിദ്യാലയം' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിദ്യാലയങ്ങളുമായി ചേർന്ന് നടപടികൾ ഏകോപിപ്പിക്കും. പുകയിലരഹിത വിദ്യാലയ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും പുകയിലരഹിതമായി പ്രഖ്യാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്തി ലാബ് നെറ്റുവർക്ക് സംവിധാനം ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങൾ പൂർത്തിയായി.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും പൂർണ്ണതോതിൽ പ്രവർത്തന

സജ്ജമാക്കിക്കൊണ്ട് സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കാനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.
- പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം ആയുർവേദ, ഹോമിയോ ഡോക്ടർമാർക്ക് നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- നിലവിൽ സംസ്ഥാനത്ത് **1,142** പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **1,09,368** രോഗികൾക്കും **345** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **26,866** രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ **44** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ **18** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മുൻഗണന ഗൃഹ സന്ദർശനത്തിലൂടെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 1,46,710 പേർക്ക് സേവനങ്ങൾ നൽകി വരുന്നു.
- എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ 30/06/2025 വരെ 1,31,96,082 (72%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,22,577 (0.93%) കിടപ്പുരോഗികളും 2,03,924 (1.55%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 43,20,012 (32.74%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- 2025 ജൂൺ മാസം (01/06/2025 മുതൽ 30/06/2025 വരെ) 3,54,072 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,997 (0.85%) കിടപ്പുരോഗികളും 5,278 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 1,17,129 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 5,495 (1.6%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ്

സജ്ജീകരിച്ചിരിക്കുന്നത്.

- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- ❖ സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും സംയോജിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ സോഫ്റ്റ് വെയർ ലോഞ്ച് 2025 മാർച്ച് മാസം ബഹു: മുഖ്യമന്ത്രി നിർവഹിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും വിവിധ സേവനദാതാക്കളെയും പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി ബന്ധപ്പെടുത്തും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രിഡ് രജിസ്ട്രേഷൻ, പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ പൂർത്തിയായി. സന്നദ്ധപ്രവർത്തകരുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.
- ❖ സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകളേയും കൂട്ടായ്മകളേയും ഗ്രിഡിന്റെ ഭാഗമാക്കും. സന്നദ്ധ സംഘടനകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രാഥമിക രജിസ്ട്രേഷനും ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രേഷനും നൽകി വരുന്നു.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ നടന്നുവരുന്നു.
- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- ❖ 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- ❖ സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന

ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

❖ സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം 2025 ജൂൺ 28ന് ബഹു: മുഖ്യമന്ത്രി നിർവഹിച്ചു.
❖ ഇതിലൂടെ സർക്കാർ-സ്വകാര്യ-സന്നദ്ധ മേഖലകളിലെ ആയിരക്കണക്കിന് പാലിയേറ്റീവ് യൂണിറ്റുകളെ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുവാനും അതിലൂടെ കിടപ്പിലായ ഓരോ രോഗിയെയും അവരുടെ തൊട്ടടുത്തുള്ള പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുമായി ബന്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

❖ നവകേരളം കർമ്മ പദ്ധതി 2- ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
❖ ആദ്യ ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ നാല് ജില്ലകളിലും ആദ്യ മൂന്ന് വർഷത്തെയും ലക്ഷ്യങ്ങൾ കൈവരിച്ചു.
❖ ഈ വർഷം മറ്റ് ജില്ലകളിൽ കൂടി പൂർണ്ണ തോതിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾ ആരംഭിക്കാൻ ലോക ബാങ്കുമായി ചർച്ചകൾ നടന്നു വരുന്നു.
❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള വിവിധ പരിശീലനങ്ങൾ, ആസൂത്രണ ശില്പശാല, ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാല എന്നിവ സംഘടിപ്പിച്ചു.
❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി.
❖ പരിശീലനം ലഭിച്ച 2,53,726 സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി സാമുഹ്യാധിഷ്ഠിത രോഗ നിരീക്ഷണം ശക്തിപ്പെടുത്തി സംയുക്ത പരിശോധനകൾ നടന്നു വരുന്നു.
❖ ആലപ്പുഴ ജില്ലയിൽ 77,516 സന്നദ്ധ പ്രവർത്തർക്കും, കോട്ടയം ജില്ലയിൽ 75,726 പേർക്കും, ഇടുക്കി ജില്ലയിൽ 47,488 പേർക്കും, പത്തനംതിട്ട ജില്ലയിൽ 51,971 പേർക്കും പരിശീലനം നൽകി സാമുഹ്യാധിഷ്ഠിത രോഗ നിരീക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്.
❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനു ലക്ഷ്യം വച്ചു കൊണ്ട് സംസ്ഥാന-തല

ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.

- ❖ ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് ടൂൾ കിറ്റ് ഫീൽഡുതലത്തിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച് അന്തിമരൂപത്തിലാക്കുന്നതിനുള്ള ടേബിൾ ടോപ്പ് എക്സർസൈസ് 2025 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ചു. ഇതിൽ വിവിധ തലത്തിലുള്ള വിദഗ്ധർ പങ്കെടുത്തു.
- ❖ കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻറർ ഫോർ നിപ റിസർച്ച് പ്രവർത്തിക്കുന്നു. നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രത്യേക കർമ്മപദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- ❖ നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ❖ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം പമ്പാ ബേസിൻ ജില്ലകളിലെ 150 തദ്ദേശ സർക്കാരുകളിൽ സജ്ജമാക്കുക എന്ന ഏകാരോഗ്യം പരിപാടിയുടെ 4-ാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ് ജൂൺ മാസത്തിൽ നടപ്പിലാക്കിയത്.
- ❖ ഇതിന്റെ ഭാഗമായി പമ്പാ ബേസിൻ ജില്ലകളിലെ 266 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 108 സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം (സി.ബി.എസ്) നടപ്പിലാക്കുന്നതിനുള്ള തീരുമാനം അതാത് ഭരണസമിതികൾ കൈക്കൊള്ളുകയും 63 സ്ഥാപനങ്ങളിൽ ഇതുസംബന്ധിച്ച ഔദ്യോഗിക രേഖകൾ കൈമാറ്റം ചെയ്യുകയും ചെയ്തു.
- ❖ 16,912 സന്നദ്ധപ്രവർത്തകർക്ക് സി.ബി.എസ് സംബന്ധിച്ച ഓറിയന്റേഷൻ നൽകുകയും ആരോഗ്യത്തെ ബാധിക്കാവുന്ന 172 സംഭവങ്ങൾ സന്നദ്ധ പ്രവർത്തകർ റിപ്പോർട്ട് ചെയ്യുകയും നടപടികൾ ആവശ്യമായവ സ്വീകരിക്കുകയും ചെയ്തു.
- ❖ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് 2461 വാട്സാപ് ഗ്രൂപ്പുകളാണ് 4 ജില്ലകളിലുമായി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ ഈ കാലയളവിൽ 221 തദ്ദേശ സർക്കാരുകളിൽ ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാനുള്ള ബോധവൽകരണ പ്രവർത്തനങ്ങളും ഏകാരോഗ്യത്തിന്റെയും കാർസാപ്പ് പദ്ധതിയുടെയും ഭാഗമായി നടക്കുന്നു. ആലപ്പുഴ ജില്ലയിൽ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR) പ്രവർത്തനങ്ങളുടെ ഭാഗമായി അമരം എന്ന ക്യാമ്പയിനും നടന്നു വരുന്നു.
- ❖ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് നിരീക്ഷണത്തിനായി ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ സംവിധാനമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്.
- ❖ കാർസാപ്പ് ശൃംഖലയിൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ 59 ഹബ്ബ് ആശുപത്രികളും 185 സ്പോക്ക് ആശുപത്രികളും ഉണ്ട്.
- ❖ ആന്റിബയോട്ടിക്കുകൾ പ്രിസ്ക്രിപ്ഷൻ കൂടാതെ ഡിസ്പെൻസ് ചെയ്യാതിരിക്കാനുള്ള ബോധവൽക്കരണവും പരിശോധനകളും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

- ഡിസംബർ മാസത്തോടെ കേരളത്തെ സമ്പൂർണ്ണ ആന്റിബയോട്ടിക്ക് സാക്ഷര സംസ്ഥാനമാക്കാനാണ് ലക്ഷ്യമിടുന്നത്.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- മലമ്പനി (മലേറിയ), മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, മീസിൽസ്, കാലാ അസാർ തുടങ്ങിയ രോഗങ്ങളാണ് നിവാരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്നത്.
- രോഗനിവാരണത്തിന് നിലവിലുള്ള സംസ്ഥാന/ജില്ലാ തല മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഉറപ്പാക്കുവാനുള്ള വിവരശേഖരണവും, വിവരങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ക്രോഡീകരണവും, തുടർ പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്നു വരുന്നത്.
- സംസ്ഥാനത്ത് 1019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- 2024 വർഷത്തിൽ ആകെ 959 മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21 തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- 2022, 2023, 2024 വർഷങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യാത്ത കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സബ്-നാഷണൽ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- 11 ജില്ലകൾ മന്ത് രോഗ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- മന്ത് രോഗ പ്രതിരോധത്തിനായുള്ള MDA (മാസ്സ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൂർത്തീകരിച്ചതിനു ശേഷം മലപ്പുറം, പാലക്കാട് ജില്ലകളിൽ മൈക്രോഫൈലേറിയ സർവേയും Transmission Assessment Survey പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- കാലാ അസാർ രോഗ നിവാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുവാനും രോഗനിരീക്ഷണത്തിനുമായുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.
- സംസ്ഥാനത്തെ എല്ലാ ജില്ലകളും കാലാ അസാർ നിവാരണത്തിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്.
- കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനുള്ള Leprosy Case Detection Campaign (LCDC) ക്യാമ്പയിൻ 2025 ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും നടന്നു.
- കുഷ്ഠരോഗികളുമായി സമ്പർക്കത്തിലുള്ളവർക്കായുള്ള Post Exposure Prophylaxis സംസ്ഥാനത്ത് ആരംഭിച്ചു.
- മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്.
- 131 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.
- വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.
- 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള

പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

- 529 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024-ൽ കുട്ടികളിലെ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടില്ല.
- Measles, Rubella രോഗങ്ങൾ 2028 ഓടെ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ആദ്യഘട്ടമായി സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 55 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 55 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 30 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, വെൽനെസ്സ് എന്നിവയ്ക്കായി ശീലവൽക്കരണം നടത്തുവാൻ ലക്ഷ്യമിട്ടുള്ള വിവിധ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു. പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.
- ജലജന്യ രോഗ പ്രതിരോധത്തിനായുള്ള "ശുദ്ധം കുടിനീർ", എലിപ്പനി പ്രതിരോധത്തിനുള്ള "മൃത്യുമജയം" എന്നീ ക്യാമ്പയിനുകളും കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷയും ആരോഗ്യ അവബോധവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി പുരോഗമിക്കുന്നത്.
- ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി വീട്ടുമുറ്റ ആരോഗ്യസംവാദമായ "കോലായക്കൂട്ടം" എന്ന പരിപാടി കാസർഗോഡ് ജില്ലയിൽ നടന്നു വരുന്നു.
- പുകയിലയ്ക്കെതിരെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ബോധവത്കരണം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളെ പുകയിലരഹിതമാക്കുക എന്ന ലക്ഷ്യമിട്ട് 'പുകയിലരഹിതം ലഹരിമുക്തം എന്റെ വിദ്യാലയം' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിദ്യാലയങ്ങളുമായി ചേർന്ന് നടപടികൾ ഏകോപിപ്പിക്കും. പുകയിലരഹിത വിദ്യാലയ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും പുകയിലരഹിതമായി പ്രഖ്യാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ SHSRC യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു.
- പകർച്ചവ്യാധി പ്രതിരോധം ജീവിതശൈലീ രോഗ പ്രതിരോധം, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) പ്രവർത്തനം ആരംഭിച്ചു.
- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ

പുരോഗമിക്കുന്നു.

- ❖ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.
- ❖ കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു.
- ❖ നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 50 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇത് കൂടാതെ ഐ.സി.എം.ആർ, KSACS/NACO എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ വിവിധ ഗവേഷണങ്ങളും പുരോഗമിക്കുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ജൂൺ മാസത്തെ പ്രവർത്തനങ്ങൾ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1983 യോഗങ്ങൾ ജൂൺ മാസം നടന്നിട്ടുണ്ട്.
- ഒരു തൈ നടാം ക്യാമ്പയിനായി 1908 യോഗങ്ങളും പച്ചത്തുരുത്തിനായി 229 യോഗങ്ങളും, ജലബജറ്റിനായി 114 യോഗങ്ങളും, ഹരിത സ്ഥാപനങ്ങൾക്കായി 92 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 65 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 61 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 32 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 22 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- വിവിധ യോഗങ്ങളിൽ 6645 ജനപ്രതിനിധികളും 11880 ഉദ്യോഗസ്ഥരും, 18462 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 36987 പേർ ജൂൺ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ 84 പരിശീലനങ്ങൾ ജൂൺ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 12271 പേർ പങ്കെടുത്തിട്ടുണ്ട്.
- ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 3423 സന്നദ്ധ പ്രവർത്തനങ്ങൾ ജൂൺ മാസം നടന്നിട്ടുണ്ട്. ഒരു തൈ നടാൻ കാമ്പയിനുമായി ബന്ധപ്പെട്ട് നടത്തിയ 3238 സന്നദ്ധ പ്രവർത്തങ്ങളാണ് ഇതിൽ പ്രധാനം.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജൂൺ മാസത്തിൽ 673306 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 മേയ് മാസം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം/ശില്പശാലകൾ (എണ്ണം) | നടന്ന യോഗങ്ങളിലെ/ശില്പശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | |
| ഹരിതവിദ്യാലയം, ഹരിത കലാലയം | 60 | 194 | 246 | 1922 | 2362 | 11 | 1590 | 7 | 4367 |
| ഹരിത ഓഫീസ് | 32 | 126 | 179 | 220 | 525 | 2 | 1094 | 5 | 1975 |
| ഹരിത ടൂറിസം | 22 | 66 | 123 | 136 | 325 | 0 | 0 | 30 | 655 |
| ഹരിതടൗണുകൾ, പൊതുസ്ഥലങ്ങൾ | 18 | 73 | 58 | 57 | 188 | 0 | 0 | 7 | 629 |
| ഹരിത ഗ്രന്ഥശാല | 26 | 27 | 28 | 149 | 204 | 0 | 0 | 17 | 1239 |
| റെസിഡന്റ്സ് അസോസിയേഷൻ | 8 | 7 | 13 | 96 | 116 | 0 | 0 | 3 | 145 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 2 | 3 | 6 | 6 | 15 | 0 | 0 | 1 | 55 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 61 | 118 | 228 | 160 | 506 | 0 | 0 | 26 | 2064 |
| ഹരിത KSRTC. | 4 | 4 | 31 | 21 | 56 | 0 | 0 | 6 | 304 |
| ഗ്രീൻപ്രോട്ടോക്കോൾ | 4 | 2 | 27 | 57 | 86 | 1 | 49 | 6 | 200 |
| മറ്റ് പ്രവർത്തനങ്ങൾ | 51 | 164 | 615 | 859 | 1638 | 26 | 4206 | 0 | 7336 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | |
| മാപത്തോൺ | 3 | 5 | 8 | 14 | 27 | 0 | 0 | 0 | 27 |
| ജല ബജറ്റ് | 114 | 377 | 573 | 210 | 1160 | 5 | 50 | 0 | 1911 |
| നീരുറവു | 26 | 56 | 151 | 254 | 461 | 0 | 0 | 2 | 1629 |
| സാങ്കേതിക സമിതിയോഗം | 40 | 164 | 272 | 106 | 542 | 0 | 0 | 0 | 542 |
| പാറക്വാറി പ്രവർത്തനങ്ങൾ | 14 | 28 | 33 | 27 | 88 | 0 | 0 | 0 | 88 |
| ജലഗുണനിലവാര ലാബ് | 50 | 90 | 189 | 85 | 364 | 1 | 25 | 0 | 409 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | |
| ഹരിത സമൃദ്ധി വാർഡ്/ തരിശു രഹിത ഗ്രാമം | 31 | 97 | 109 | 195 | 401 | 0 | 0 | 12 | 1410 |
| പച്ചത്തുരുത്തു | 229 | 393 | 791 | 694 | 1878 | 2 | 143 | 58 | 18206 |
| തെങ്ങിന് തടം മണ്ണിന് ജലം | 1 | 6 | 3 | 0 | 9 | 0 | 0 | 3 | 162 |
| ഒരു തൈ നടാം ക്യാമ്പയിൻ | 1908 | 4056 | 7240 | 11447 | 22743 | 26 | 4616 | 3238 | 626239 |
| നെറ്റ് സീറോ കാർബൺ | 48 | 150 | 344 | 1285 | 1779 | 10 | 498 | 2 | 2547 |
| കോർഗ്രൂപ് യോഗം | 17 | 40 | 47 | 62 | 149 | 0 | 0 | 0 | 149 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | |
| തനതു പ്രവർത്തനം | 17 | 260 | 386 | 372 | 1018 | 0 | 0 | 0 | 1018 |
| കളക്ടറുടെ ജില്ലാ യോഗം | 3 | 0 | 55 | 2 | 57 | | | | |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | | | | |
| തദ്ദേശ മിഷൻ യോഗം | 21 | 139 | 125 | 26 | 290 | | | | |
| ആകെ | 2810 | 6645 | 11880 | 18462 | 36987 | 84 | 12271 | 3423 | 673306 |

# ത്രൈമാസ അവലോകനം
# 2025 ഏപ്രിൽ മുതൽ 2025 ജൂൺ വരെ

- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 6364 യോഗങ്ങൾ / ശിൽപശാലകൾ കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ നടന്നിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ 86045 പേർ ഭാഗഭാക്കായി.
- ❖ കൂടാതെ 109 പരിശീലനവും കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. 13441 പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാനും ഈ കാലയളവിൽ മിഷന് സാധിച്ചിട്ടുണ്ട്.
- ❖ കഴിഞ്ഞ മൂന്ന് മാസകാലയളവിൽ 31138 സന്നദ്ധ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.
- ❖ കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിവിധ മേഖലയിൽ പെട്ട ജനവിഭാഗവും ഉൾപ്പെടെ 749673 ജനവിഭാഗത്തിന്റെ സേവനം വിവിധ പ്രവർത്തനങ്ങളിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം/ ശില്പശാലകൾ (എണ്ണം) | നടന്ന യോഗങ്ങളിലെ/ശില്പശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 168 | 418 | 585 | 2246 | 3249 | 11 | 1590 | 590 | 4833 |
| ഹരിത ഓഫീസ് | 508 | 466 | 2335 | 741 | 3542 | 4 | 1178 | 3641 | 2324 |
| ഹരിത ടൂറിസം | 76 | 239 | 387 | 365 | 991 | 0 | 0 | 758 | 986 |
| ഹരിത അയൽക്കൂട്ടം | 2 | 6 | 9 | 43 | 58 | 0 | 0 | 62 | 0 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 98 | 297 | 314 | 555 | 1166 | 0 | 0 | 1633 | 5375 |
| ഹരിത സഭ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ഹരിത ഗ്രന്ഥശാല | 281 | 499 | 451 | 1685 | 2635 | 2 | 115 | 509 | 2535 |
| റെസിഡന്റ്സ് അസോസിയേഷൻ | 29 | 38 | 56 | 420 | 514 | 0 | 0 | 29 | 269 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 9 | 35 | 57 | 198 | 290 | 2 | 70 | 40 | 115 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 203 | 579 | 755 | 1590 | 2924 | 0 | 0 | 1653 | 15502 |
| ഹരിത KSRTC | 27 | 25 | 152 | 88 | 265 | 0 | 0 | 104 | 611 |
| ഗ്രീൻ പ്രോട്ടോക്കോൾ | 48 | 200 | 314 | 584 | 1098 | 3 | 138 | 127 | 28004 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 313 | 1445 | 3297 | 3061 | 7803 | 28 | 4271 | 3142 | 12658 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | |
| മാപത്തോൺ | 5 | 12 | 28 | 19 | 59 | 2 | 31 | 111 | 561 |
| ജല ബജറ്റ് | 253 | 1272 | 972 | 664 | 2908 | 5 | 50 | 2521 | 2057 |
| നീരുറവു | 61 | 212 | 354 | 552 | 1118 | 2 | 180 | 125 | 1820 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 83 | 355 | 540 | 181 | 1076 | 0 | 0 | 90 | 707 |
| പാറക്വാറി പ്രവർത്തനങ്ങൾ | 28 | 68 | 82 | 65 | 215 | 0 | 0 | 31 | 111 |
| ജലഗുണനിലവാര ലാബ് | 70 | 139 | 249 | 133 | 521 | 1 | 25 | 88 | 635 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 86 | 247 | 296 | 576 | 1119 | 0 | 0 | 185 | 1916 |
| പച്ചത്തുരുത്ത് | 575 | 1372 | 1855 | 1501 | 4728 | 2 | 143 | 672 | 19746 |
| തെങ്ങിന്-തടം മണ്ണിന് ജലം | 11 | 51 | 43 | 130 | 224 | 0 | 0 | 207 | 245 |
| ഒരു തൈ നടാം ക്യാമ്പയിൻ | 2635 | 6358 | 11053 | 15955 | 33366 | 27 | 4642 | 4037 | 628794 |
| നെറ്റ്സീറോ കാർബൺ | 104 | 479 | 674 | 1556 | 2709 | 12 | 567 | 18 | 3652 |
| കോർഗ്രൂപ് പ്രവർത്തനം | 31 | 77 | 105 | 133 | 315 | 0 | 0 | 1 | 221 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | |
| തനതു പ്രവർത്തനം | 563 | 2212 | 4454 | 4613 | 11279 | 8 | 441 | 10764 | 15996 |
| കളക്ടറുടെ ജില്ലാ യോഗം | 12 | 8 | 194 | 46 | 248 | | | | |
| ജില്ലാ മിഷൻ യോഗം | 2 | 50 | 77 | 63 | 190 | | | | |
| തദ്ദേശ മിഷൻ യോഗം | 83 | 721 | 615 | 99 | 1435 | | | | |
| ആകെ | 6364 | 17880 | 30303 | 37862 | 86045 | 109 | 13441 | 31138 | 749673 |